# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**


വാല്യം 44 ലക്കം 4
വാർഷിക വരിസംഖ്യ ₹ 100

**Vol 44 No. 4**
**Annual Subscription ₹100**





പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്
ഏപ്രിൽ 2026

വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ



"ഹാവായൊരുനാൾ ലോകത്തിൽ
മൃതിയും രോഗവുമുളവാക്കി
ഭീതി വളർത്തും മരണത്തിൻ
മാതാവായവൾ തീർന്നെങ്കിൽ
മറിയത്തിൻ പ്രിയസുതനോ തൻ
മർത്ത്യസ്വഭാവംവഴി നൂനം
സഹനം ചുമലിലെടുത്തിളയിൽ
മാനവനേകി നവജീവൻ"

ഓനീസാ ദ്ലെലിയാ,
ഉയിർപ്പുകാലം, നാലാം ബുധൻ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 44 No. 4**

**വാല്യം 44 ലക്കം 4 ഉയിർപ്പുകാലം ഏപ്രിൽ 2026**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**


പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ശിഷ്യരും പ്രേഷിതദൗത്യവും 5
- പുതുഞായറും ദൈവകരുണയുടെ ഞായറും! 8
- മർത്ത് മറിയവും ഉത്ഥാനവും 12
- പ്രതീക്ഷയുടെ വിതക്കാർ 16
- നമുക്കും സാധിക്കുമോ? 18
- ഇതാണ് സൗഹൃദം 20
- ആശ്വാസത്തണൽ 22
- യഹോയാഖിൻ 23
- കാത്തിരിപ്പിന്റെ ഇരുട്ടിൽ ദൈവകരുണയുടെ വെളിച്ചം 25
- സെനക്കിൾ തരംഗം 27
- ഇട്ടൂപ്പിന്റെ ഇഷ്ടം 28
- അമ്മയോടൊപ്പം 30




# സത്യത്തിനു മരണമില്ല

**കേ**രളമുൾപ്പെടെ ചില സംസ്ഥാനങ്ങളിൽ നിയമസഭയിലേക്കുള്ള ഇലക്ഷൻ കഴിഞ്ഞിരിക്കുകയാണ്. എന്നാൽ അതിനുശേഷവും വാഗ്വാദങ്ങൾക്കും വിവാദങ്ങൾക്കും കുറവൊന്നുമില്ല. പരാജയഭീതി ഭീഷണികളായും നുണപ്രചാരണങ്ങളായും മാറുന്നതിനും നാം സാക്ഷ്യം വഹിച്ചു. സ്വന്തം പരാജയത്തെ മറയ്ക്കാൻ വാസ്തവവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് ഈ നൂറ്റാണ്ടിന്റെ മാത്രം പ്രത്യേകതയല്ല.

ഈശോയുടെ ഉത്ഥാനവിവരണങ്ങൾക്കിടയിൽ മത്തായി സുവിശേഷകൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: "അവർ പോയപ്പോൾ കാവൽക്കാരിൽ ചിലർ പട്ടണത്തിൽ ചെന്ന് സംഭവിച്ചതെല്ലാം പ്രധാന പുരോഹിതന്മാരെ അറിയിച്ചു. അവരും പ്രമാണികളും കൂടിയാലോചിച്ചതിനുശേഷം പടയാളികൾക്കു വേണ്ടത്ര പണം കൊടുത്തിട്ടു പറഞ്ഞു: ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവന്റെ ശിഷ്യൻമാർവന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നു പറയുവിൻ. ... അവർ പണം വാങ്ങി, നിർദ്ദേശമനുസരിച്ചു പ്രവർത്തിച്ചു. ഇത് ഇന്നും യഹൂദരുടെയിടയിൽ പ്രചാരത്തിലിരിക്കുന്നു" (മത്താ 28,11-15).

പരാജയം ഈശോയ്ക്കാണെന്ന് ആദ്യം കരുതിയ ശത്രുക്കൾ, ആത്യന്തിക പരാജയം തങ്ങൾക്കാണെന്നു തിരിച്ചറിഞ്ഞപ്പോൾ അതിനെ മറയ്ക്കാനായി മെനഞ്ഞെടുത്ത മിനിക്കഥയാണിത്. ഈ കഥ മെനഞ്ഞവർ കാലക്രമത്തിൽ കഥാവശേഷരായി. എന്നാൽ കേന്ദ്രകഥാപാത്രമായിരുന്ന മിശിഹാതമ്പുരാൻ മരണത്തെ തോല്പിച്ച് നിത്യം ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനുമായി മാറി. സത്യത്തിനു മരണമില്ല; കുഴിച്ചുമൂടപ്പെട്ടാലും ഒരുനാൾ സത്യം പുറത്തുവരികതന്നെ ചെയ്യും.

സത്യം നിത്യം നിലനില്ക്കും. നമ്മുടെ അനുദിനജീവിതസാഹചര്യങ്ങളിൽ സത്യത്തിനുവേണ്ടി നിലകൊള്ളുന്നതിന്റെ പേരിൽ പല നഷ്ടങ്ങളുമുണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ താല്ക്കാലിക നേട്ടങ്ങൾക്കുവേണ്ടി സത്യത്തിനും നീതിക്കും സ്നേഹത്തിനുമെതിരായി പ്രവർത്തിച്ചാൽ അത് നിത്യനഷ്ടത്തിനിടയാക്കും എന്ന തിരിച്ചറിവ് നമുക്കോരോരുത്തർക്കുമുണ്ടാകണം. മരിച്ചുയർത്തവൻ നല്കുന്ന കരുത്ത് സത്യത്തിന്റെ പാതയിൽ നമുക്കു നങ്കൂരമായി മാറട്ടെ.

ചീഫ് എഡിറ്റർ



# ശിഷ്യരും പ്രേഷിതദൗത്യവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**വി.** മത്തായിയുടെ സുവിശേഷത്തിന്റെ അത്യുച്ചിയാണ് 28-ാം അദ്ധ്യായം 16 മുതൽ 20 വരെയുള്ള വാക്യങ്ങൾ. ശിഷ്യന്മാർ തങ്ങളുടെ ഗുരുവിനെ വിട്ടുപേക്ഷിച്ച് ഓടിപ്പോയശേഷം ആദ്യമായി വീണ്ടും കണ്ടുമുട്ടുന്നു. കബറിടത്തിൽ പ്രത്യക്ഷപ്പെട്ട ദൈവദൂതനും ഉത്ഥിതനായ ഈശോയും കല്പിച്ച പ്രകാരം സ്ത്രീകൾ ശിഷ്യന്മാരോട് അവിടുത്തെ ഉത്ഥാനത്തെപ്പറ്റി പറയുകയും അവരോട് ഗലീലിയിലേക്കു പോകാൻ ആവശ്യപ്പെടുകയും ചെയ്തതനുസരിച്ചാണ് ശിഷ്യന്മാർ പതിനൊന്നുപേരും അവിടെ ഒരുമിച്ചു കൂടിയത്.

### ശിഷ്യരുടെ സംശയം

മത്തായി സുവിശേഷകന്റെ വിവരണപ്രകാരം പതിനൊന്നു ശിഷ്യന്മാർ ആദ്യമായിട്ടാണ് ഉത്ഥിതനായ ഈശോയെ കാണുന്നത്. മുമ്പു സ്ത്രീകൾ ഉത്ഥിതനായ ഈശോയെ കണ്ടപ്പോൾ ആരാധിച്ചതുപോലെ ഇവിടെ ശിഷ്യന്മാരും ഈശോയെ ആരാധിക്കുന്നു. എന്നാൽ അവരിൽ ചിലർ സംശയിച്ചു എന്ന് സുവിശേഷകൻ പറയുന്നുണ്ട്. ഈശോയെ ശത്രുക്കൾ പിടിച്ചുകൊണ്ടുപോയപ്പോൾ ഗുരുവിനെ വിട്ട് ഓടിപ്പോയ ശിഷ്യർ പിന്നീട് ഈശോയോടൊത്തുണ്ടായിരുന്നില്ല. ഗുരുവിനെ ശത്രുക്കൾ കുരിശിലേറ്റി കൊന്നു എന്നറിഞ്ഞിട്ടും അവിടുത്തെ ശരീരം കുരിശിൽനിന്നിറക്കാനോ, മാന്യമായ ഒരു സംസ്കാരം നടത്താനോ ഈ പതിനൊന്നു പേരിൽ ആരും മുന്നോട്ടുവന്നില്ല. കഴിഞ്ഞ ഏതാനും ദിവസങ്ങളായി അവരുടെ ധൈര്യവും ഊർജ്ജവുമെല്ലാം ചോർന്നുപോയിരുന്നു. എല്ലാം കലങ്ങിത്തെളിഞ്ഞു എന്ന ഒരു ബോദ്ധ്യം അപ്പോഴും അവർക്കു ലഭിച്ചിട്ടില്ലായിരുന്നു. അങ്ങനെ കുറ്റബോധവും, ഇനി എന്താണു സംഭവിക്കാൻ പോകുന്നതെന്ന ഭയവും മനസ്സിലെ അസ്വസ്ഥതയുമെല്ലാം അവരുടെ പെരുമാറ്റത്തെ ബാധിച്ചിരുന്നു. അതിനെയാണ് സുവിശേഷകൻ ഒറ്റവാക്കിൽ 'സംശയിച്ചു' എന്നു പറഞ്ഞു വച്ചത്.

**ഈശോയുടെ അധികാരം**

ദാനിയേൽ 7,13-14 ന്റെ പശ്ചാത്തലത്തിലുള്ളതാണ് ഈ അധികാരമെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. ദാനിയേലിന്റെ പുസ്തകത്തിൽ മനുഷ്യപുത്രന് എല്ലാ ജനതകളുടെയുംമേൽ സർവ്വ അധികാരവും നല്കപ്പെടുന്നതായിട്ടാണ് പറയുന്നത്. അതുപോലെതന്നെയാണ് ഉത്ഥിതനായ ഈശോയും പറയുന്നത്. മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തതുവഴി സ്വർഗീയനായിത്തീർന്ന മനുഷ്യപുത്രന് ദൈവം സകല അധികാരവും നല്കിയിരിക്കുന്നു. യുഗാന്ത്യത്തിൽ വിധിയാളനായി വരുമ്പോൾമാത്രമല്ല, ഇപ്പോൾത്തന്നെ അവിടുത്തേക്ക് സർവ്വ അധികാരവുമുണ്ട് എന്ന് 28,18 ൽ പ്രസ്താവിക്കുന്നു. എല്ലാ അധികാരവും പിതാവു പുത്രന് നല്കിയിട്ടുണ്ട് എന്ന് മത്തായി 11,27 ൽ ഈശോ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഭൂമിയിൽ ജീവിച്ചപ്പോൾ ഈശോ പറഞ്ഞ കാര്യങ്ങളെല്ലാം ഉത്ഥാനത്തോടുകൂടി ആധികാരികമാക്കപ്പെട്ടു. തനിക്കുള്ള അധികാരം ഉപയോഗിച്ചാണ് ഈശോ തന്റെ ശിഷ്യന്മാരെ പ്രേഷിതദൗത്യവുമായി ലോകമെമ്പാടും അയയ്ക്കുന്നത്.

**ശിഷ്യർക്കു നല്കുന്ന പ്രേഷിതദൗത്യം**

ഈശോയുടെ മരണത്തിനും ഉത്ഥാനത്തിനുംശേഷം, അവിടുന്ന് ശിഷ്യന്മാരുടെമേൽ നേരത്തെ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം (മത്താ 10,5;15,24) എടുത്തുകളയുകയാണ്. ആ നിയന്ത്രണം പൂർണമായി മാറ്റിയശേഷം, എല്ലാ ജനതകളുടെയും അടുത്തേക്കു പോകാനുള്ള ദൗത്യമാണ് ഈശോ ശിഷ്യർക്കു നല്കുന്നത്. നാലു കാര്യങ്ങളാണ് ഈശോ അവരോട് ആവശ്യപ്പെടുന്നത്. 1. എല്ലാ ജനതകളുടെയും അടുക്കൽ പോകുക. 2. അവരെ ശിഷ്യപ്പെടുത്തുക. 3. അവർക്കു മാമോദീസാ നല്കുക. 4. ഈശോ കല്പിച്ചിട്ടുള്ളതെല്ലാം അനുസരിക്കുവാൻ പഠിപ്പിക്കുക. 'എല്ലാ ജനത'കളിൽ ഇസ്രായേലും ഉൾപ്പെടുന്നുണ്ട്. അവരെ ശിഷ്യപ്പെടുത്തിയതിനുശേഷം അവർക്ക് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ നല്കാനാണ് കർത്താവിന്റെ കല്പന. നടപടി ഗ്രന്ഥത്തിൽ മാമോദീസാ ഈശോയുടെ നാമത്തിൽ നല്കിയിരുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് (4,23; 5,2; 7,29; 9,35; 11,1). ആരംഭകാലത്ത് ഈശോമിശിഹായുടെ നാമത്തിലായിരിക്കാം മാമോദീസാ നല്കിയിരുന്നത്. കാലക്രമത്തിൽ അത് ത്രിത്വനാമത്തിലാകുകയും വിവിധ വ്യക്തിസഭകളും ആരാധനക്രമങ്ങളുമായി രൂപം കൊള്ളുകയുമുണ്ടായി.

**സഭാകൂട്ടായ്മ: ത്രിത്വകൂട്ടായ്മ**

ശ്ലൈഹിക ആധികാരികതയോടുകൂടിയ സുവിശേഷപ്രഘോഷണത്തിന്റെ ആത്യന്തിക ലക്ഷ്യം സഭാകൂട്ടായ്മയാണെന്ന് വി. യോഹന്നാന്റെ ഒന്നാം ലേഖനം വ്യക്തമാക്കുന്നുണ്ട്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾകേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവൻെറ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നൽകുകയുംചെയ്യുന്നു. പിതാവിനോടുകൂടെ ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്" (1 യോഹ 1,1-3).

കൂട്ടായ്മ (ഗ്രീക്കിൽ 'കൊയ്നോനിയാ') എന്ന പദം യോഹന്നാൻശ്ലീഹാ നാലു പ്രാവശ്യമേ ഉപയോഗിച്ചിട്ടുള്ളൂ. അത് ഈ ലേഖനഭാഗത്തുമാത്രമാണു താനും. പൗലോസ്ശ്ലീഹായാണ് ഈ വാക്ക് കൂടുതലായി ഉപയോഗിക്കുന്നത്. പുതിയനിയമത്തിലെ ആകെയുള്ള 15 പ്രയോഗങ്ങളിൽ പതിമൂന്നും വി. പൗലോസിന്റെ ലേഖനങ്ങളിലാണ്. ഒരേ ചൈതന്യം പല ശരീരങ്ങളെ -വ്യക്തികളെ- ഒന്നിപ്പിക്കുമ്പോൾ അവിടെ കൂട്ടായ്മയുണ്ടാകുന്നു എന്നു പറയാം. സഭാതലത്തിൽ സഭാംഗങ്ങൾ തമ്മിലുള്ള ഐക്യമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. എങ്കിലും അത് വെറും മാനുഷികമായ ഒന്നുചേരലല്ല, ത്രിത്വകൂട്ടായ്മയിലുള്ള പങ്കുചേരലാണ്. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" മാമോദീസാ നല്കുന്നത് ത്രിത്വകൂട്ടായ്മയിലേക്കുള്ള പ്രവേശിപ്പിക്കലാണെന്ന്, പുതിയനിയമത്തിന്റെ ഗ്രീക്കുവിവർത്തനം സൂചിപ്പിക്കുന്നുണ്ട്. ഗ്രീക്കുഭാഷയിൽ 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക്' എന്നർത്ഥം വരുന്ന 'എയിസ്' എന്ന വിഭക്തിയാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് മാമോദീസാ ത്രിത്വകൂട്ടായ്മയിലേക്ക് ഒരു വ്യക്തിയെ പ്രവേശിപ്പിക്കുന്ന പ്രക്രിയയാണ്.


**വിശ്വാസപരിശീലനം**

ഉത്ഥിതനായ ഈശോയുടെ പ്രേഷിതകല്പനയിൽ അവസാനമായി പറയുന്നത് അവിടുന്നു പഠിപ്പിച്ച കാര്യങ്ങൾ അനുസരിക്കുവാൻ എല്ലാവരെയും പഠിപ്പിക്കുക എന്നതായിരുന്നു. ഈശോ ജനങ്ങളെയും തന്റെ ശിഷ്യന്മാരെയും പഠിപ്പിക്കുന്നതായി നിരവധി പ്രാവശ്യം സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 4,23; 5,2; 7,29; 9,35). അവിടുന്ന് ഔദ്യോഗികമായി പഠിപ്പിച്ച കാര്യങ്ങളാണ് ഗിരിപ്രഭാഷണം അവതരിപ്പിക്കുന്നത്. അവിടുന്ന് അധികാരമുള്ളവനെപ്പോലെയാണ് പഠിപ്പിച്ചത് എന്ന് അവസാനം സുവിശേഷകൻ എടുത്തുപറഞ്ഞിട്ടുമുണ്ട് (മത്താ 7,28). മിശിഹാ പഠിപ്പിച്ചതെല്ലാം അവിടുത്തെ ശിഷ്യന്മാരും സഭയും, എല്ലാ ജനതകളിൽനിന്നും ശിഷ്യപ്പെടുന്നവരെ പഠിപ്പിക്കണമെന്നാണ് ഈശോ ഇവിടെ ആവശ്യപ്പെടുന്നത്. വിശ്വാസപരിശീലനം സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണ്. സഭയിലുള്ള സംഘടനകളെല്ലാം വിശ്വാസപരിശീലന വേദികളായിരിക്കണം. വിശ്വാസപരിശീലനം ഒരു ക്രൈസ്തവന്റെ ജീവിതകാലംമുഴുവൻ നടക്കേണ്ട ഒരു പ്രക്രിയയാണ്.

**നിത്യസാന്നിദ്ധ്യവാഗ്ദാനം**

ആഗോളപ്രേഷിതദൗത്യവും വിശ്വാസപരിശീലനവും ഏറ്റെടുക്കണമെന്ന് തന്റെ ശിഷ്യന്മാർക്കു കല്പന കൊടുത്ത ഈശോ വലിയ ഒരു വാഗ്ദാനവും അവർക്കു നല്കി. അവിടുത്തെ നിത്യസാന്നിദ്ധ്യം അവരോടൊപ്പം ഉണ്ടായിരിക്കുമെന്ന് ഈശോ വാഗ്ദാനം ചെയ്തു: "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 20,28). യൗസേപ്പിനു ലഭിച്ച മംഗളവാർത്തയിൽ 'എമ്മാനുവേൽ' എന്ന് ഈശോ അറിയപ്പെടും എന്നു പ്രസ്താവിച്ചതുതന്നെ (മത്താ 1,23) ഈ നിത്യസാന്നിദ്ധ്യത്തെ സൂചിപ്പിച്ചുകൊണ്ടായിരുന്നു. രണ്ടോ മൂന്നോ പേർ ഈശോയുടെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവിടുത്തെ സാന്നിദ്ധ്യമുണ്ടായിരിക്കുമെന്ന് (മത്താ 18,20) ഈശോ നേരത്തെതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈലോകം വിട്ട് പോകുന്നതിനുമുമ്പ് കർത്താവ് ഒരിക്കൽക്കൂടി അതു വാഗ്ദാനം ചെയ്യുകയാണ്. യുഗാന്തംവരെ അവിടുത്തെ സാന്നിദ്ധ്യം അവിടുത്തെ വിശ്വാസികളോടും സഭയോടുമൊപ്പം ഉണ്ടായിരിക്കും.

തന്റെ ശിഷ്യർക്കും, ആ ശിഷ്യരിലൂടെ തന്റെ ശിഷ്യന്മാരാകാൻ പോകുന്ന എല്ലാ ജനതകളിലും പെടുന്നവർക്കും ഉത്ഥിതനായ ഈശോ നല്കിയ പ്രേഷിതദൗത്യം എന്നും നിലനില്ക്കുന്നതാണ്. ആ ദൗത്യം എല്ലാ ക്രൈസ്തവരും നിറവേറ്റേണ്ടതാണ്. ആ കടമയുടെ നിർവഹണത്തിൽ ഈശോയുടെ നിത്യസാന്നിദ്ധ്യം അവരോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്യും.



# പുതുഞായറും ദൈവകരുണയുടെ ഞായറും!

**റവ.ഡോ. ജയിംസ് ചവറപ്പുഴ**
**നസ്രാണി റിസേർച്ച് സെന്റർ, നല്ലതണ്ണി**

**ശ്ലീ**ഹികസഭകൾ വളരെ പ്രാധാന്യത്തോടെ ആചരിച്ചു പോരുന്ന ഒരു തിരുനാൾ ദിനമാണ് ഉയിർപ്പുഞായർ കഴിഞ്ഞു വരുന്ന ഞായറാഴ്ച. പുതുഞായർ എന്ന് പൊതുവേ അറിയപ്പെടുന്ന ഈ ദിവസം ''മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ ഞായർ" എന്നും അറിയപ്പെടുന്നു. അതിശ്രേഷ്ഠമായി ആചരിക്കപ്പെടുന്ന ഈ തിരുനാൾ അടുത്തകാലത്ത് അവഗണിക്കപ്പെടുന്നുണ്ടോ എന്ന് ഒരു സംശയം. കഴിഞ്ഞ കുറെ വർഷങ്ങളിലെ പുതുഞായർ ആചരണങ്ങൾ കണ്ടപ്പോഴും ഇനി വരുന്ന പുതുഞായറാഴ്ചയെക്കുറിച്ചുള്ള ചില സോഷ്യൽമീഡിയാ വിവരണങ്ങൾ കാണുമ്പോഴും അങ്ങനെ തോന്നുന്നു.

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ രണ്ടായിരാമാണ്ട് ഏപ്രിൽ 30 ന് ഫൗസ്റ്റീന കൊവാൾസ്കയെ വിശുദ്ധപദവിയിലേക്ക് ഉയർത്തി. അന്ന് ഉയിർപ്പുതിരുനാൾ കഴിഞ്ഞുള്ള ഞായർ ആയിരുന്നു. (വി. ഫൗസ്റ്റീനായാണ് പാശ്ചാത്യസഭയിൽ ദൈവകരുണയുടെ പ്രേഷിതയായി അറിയപ്പെടുന്നതും ഈ ഭക്തി പ്രചരിപ്പിച്ചതും.) അന്നുമുതൽ റോമൻ

കത്തോലിക്കാസഭയുടെ അഥവാ ലത്തീൻസഭയുടെ ആരാധനാക്രമ കലണ്ടറിൽ ഉയിർപ്പുഞായർ കഴിഞ്ഞു വരുന്ന ഞായർ ദൈവകരുണയുടെ ഞായർ ആയി ജോൺ പോൾ രണ്ടാമൻ പാപ്പാ കൂട്ടിച്ചേർക്കുകയും ചെയ്തു. അത് ലത്തീൻസഭയുടെ ആരാധനക്രമ കലണ്ടറിൽമാത്രം വരുത്തിയ ഒരു കൂട്ടിച്ചേർക്കലായിരുന്നു. അതുവരെ ഈ ദിവസം ലത്തീൻസഭയിൽ White Sunday (Dominica in Albis) എന്നും അറിയപ്പെട്ടിരുന്നു. ബൈസന്റൈൻ പാരമ്പര്യത്തിൽ "തോമ്മാ ഞായർ" എന്ന പേര് കാണാം. ഉയിർപ്പുഞായർ രാത്രി മാമ്മോദീസാ സ്വീകരിച്ചവർ തങ്ങൾക്ക് ലഭിച്ച വെള്ളവസ്ത്രം ധരിച്ച് പള്ളിയിൽ വരുന്ന ദിവസമായതിനാലാവാം ഈ ഞായറിനെ വെളുത്ത ഞായർ, പുതുഞായർ എന്നൊക്കെ വിളിച്ചിരുന്നത്. എന്തായാലും ഏതാണ്ട് എല്ലാ ആരാധനാക്രമ പാരമ്പര്യങ്ങളിലും ഈ ദിവസത്തെ സുവിശേഷവായന മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം തന്നെയാണ് (യോഹ 20,19-29).

സീറോ മലബാർ സഭാപാരമ്പര്യത്തിൽ ഉയിർപ്പു കഴിഞ്ഞുള്ള ഞായർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപന ദിവസമാണ്. ദുക്റാന തിരുനാൾപോലെ പ്രാധാന്യത്തോടെ തോമാശ്ലീഹായെ ഓർമ്മിക്കുന്ന ദിവസം. ഈ ഓർമ്മ കേവലം ഒരു വിശുദ്ധനെ അനുസ്മരിക്കുന്നതുപോലെയല്ല, പ്രത്യുത ഈ സഭയുടെ വിശ്വാസത്തിന്റെ ആഘോഷമാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷമനുസരിച്ച് ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനം നടത്തുന്നത് തോമാശ്ലീഹായാണ്. അതാണ് "മാർവാലാഹ്: എന്റെ കർത്താവും എന്റെ ദൈവവും" (യോഹ 20,28).

കേപ്പാശ്ലീഹാ ഈശോയെ ദൈവപുത്രൻ എന്നു വിളിക്കുമ്പോൾ (മത്താ16,16) തോമാശ്ലീഹാ ഈശോയെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നു. പഴയനിയമത്തിൽ യഹോവയ്ക്ക് കൊടുത്തിരുന്ന അതേ വിശേഷണങ്ങൾ "കർത്താവും ദൈവവും" എന്നത് ഈശോയ്ക്കു നൽകി വെളിപാടിനെ ഊട്ടിയുറപ്പിക്കുകയാണ് തോമാശ്ലീഹാ ചെയ്തത്.

ഈ വിശ്വാസപ്രഖ്യാപനത്തിന്റെ അടിത്തറയിലാണ് മാർ തോമാ നസ്രാണിസഭ പണിതുയർത്തപ്പെട്ടിരിക്കുന്നത്. ഈ സഭയുടെ പരി. കുർബാനയിലെയും യാമശുശ്രൂഷകളിലെയും കൂദാശകളിലെയുമൊക്കെ ഒട്ടുമിക്ക പ്രാർത്ഥനകളും ആരംഭിക്കുന്നത് തോമാശ്ലീഹായുടെ ഈ വിശ്വാസപ്രഖ്യാപനത്തെ അടിസ്ഥാനമാക്കിയാണ്. "മാർവാലാഹ്" ജപം അത്രമാത്രം ഈ സഭയുടെ ഹൃദയത്തുടിപ്പായി നിലനിൽക്കുന്നതുകൊണ്ടുതന്നെയാണ് പുതുഞായറാഴ്ചയെ "മാർവാലാഹ് ഞായർ" എന്നു കൂടി സഭയിൽ വിളിക്കുന്നത്.

ഇത്രയും പ്രാധാന്യമുള്ള ദിവസത്തിന്റെ ആചരണവും ആഘോഷവും സഹോദരീ സഭയായ ലത്തീൻസഭയിലെ ഒരു ആചരണവുമായി കൂട്ടിക്കുഴയ്ക്കേണ്ടതുണ്ടോ? തന്നെയുമല്ല, ലത്തീൻ ആരാധനക്രമ കലണ്ടറിൽ മാർപാപ്പാ വരുത്തുന്ന മാറ്റങ്ങൾ പൗരസ്ത്യ കത്തോലിക്കാ സഭയായ സീറോ മലബാർ സഭയ്ക്ക് എങ്ങനെയാണ് ബാധകമാവുക?

കേരളത്തിൽ ധ്യാനകേന്ദ്രങ്ങളും ധ്യാനഗുരുക്കന്മാരും ഇത്തരം ഭക്താനുഷ്ഠാനങ്ങൾക്ക് പ്രചുരപ്രചാരം നൽകുന്നുണ്ട് എന്നതും ആശ്ചര്യപ്പെടുത്തുന്നതാണ്. പാശ്ചാത്യസഭയിൽ രൂപം കൊള്ളുന്ന പല ഭക്താനുഷ്ഠാനങ്ങളും ഈ സഭയുടെ ചൈതന്യത്തോടു ചേരുന്നുണ്ടോ എന്നുപോലും നോക്കാതെ ഏറ്റെടുക്കുന്നവരാണ് അവർ. കത്തോലിക്കാസഭ സഭകളുടെ കൂട്ടായ്മയാണ് എന്നും ഓരോ വ്യക്തി സഭയ്ക്കും അതിന്റേതായ പൈതൃകവും പാരമ്പര്യവും ആരാധനക്രമവും ഉണ്ട് എന്നുമുള്ള അടിസ്ഥാന വിശ്വാസപരിശീലനം ഓരോ ധ്യാനകേന്ദ്രങ്ങൾക്കും ധ്യാനഗുരുക്കന്മാർക്കും ലഭിക്കാൻ ഇനി എത്ര നാൾ കാത്തിരിക്കേണ്ടി വരും?

വ്യക്തിപരമായ വെളിപാടുകൾക്ക് (Private Revelation ) ഇന്ന് വലിയ മാർക്കറ്റ് ആണല്ലോ.... അതിന്റെ പേരിൽ പ്രത്യേക ശുശ്രൂഷകൾ, നൊവേനകൾ, പ്രാർത്ഥനകൾ, അനുഗ്രഹങ്ങൾ ഒക്കെ ഇന്ന് ലഭ്യമാണ്.

ഈശോമിശിഹായിൽ പൂർത്തിയായതും ശ്ലീഹന്മാരാൽ കൈമാറ്റം ചെയ്യപ്പെട്ടതും സഭാപിതാക്കന്മാരാൽ വ്യാഖ്യാനിക്കപ്പെട്ടതും ആരാധനക്രമങ്ങളിൽ ആഘോഷിക്കപ്പെടുന്നതുമായ വെളിപാടിനെക്കാൾ വി. ഫൗസ്റ്റിനായ്ക്കു ലഭിച്ചു എന്ന് പറയപ്പെടുന്ന വ്യക്തിപരമായ വെളിപാടിനാണ് ഇന്ന് സഭയിൽ പലരും പ്രാധാന്യം നൽകുന്നത് എന്നത് ഖേദകരമാണ്.

ആധുനികകാലത്തെ ദൈവകരുണ ഭക്തികൾ രൂപപെടുന്നതിന് നൂറ്റാണ്ടുകൾക്കുമുമ്പു തന്നെ സഭാപിതാക്കന്മാർ ദൈവത്തെ സ്നേഹമായും (Caritas) കരുണയായും (Misericordia) ദർശിച്ചുകൊണ്ട് ഇതിനാവശ്യമായ ദൈവശാസ്ത്രപരമായ അടിത്തറ പാകിയിരുന്നു. അവർ കരുണയെ വെറുമൊരു വികാരമായല്ല, മറിച്ച് മനുഷ്യസ്വഭാവത്തെ സുഖപ്പെടുത്തുന്ന ഒരു വീണ്ടെടുപ്പിന്റെ നീതിയായാണ് കണ്ടിരുന്നത്.

**ദൈവകരുണയെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ പ്രധാന കാഴ്ചപ്പാടുകൾ**

നാം ക്ഷമ ചോദിക്കുന്നതിനേക്കാൾ എത്രയോ അധികം നമ്മോടു ക്ഷമിക്കാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് മാർ ആഗസ്തീനോസ് വാദിച്ചു. മനുഷ്യനീതി പരിമിതമാണെന്നും എന്നാൽ ദൈവകരുണ അനന്തമാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. കാരണം, അത് നിത്യമായ ഒരു ഉറവിടത്തിൽ നിന്നാണ് ഒഴുകുന്നത്. പരിശുദ്ധ ത്രിത്വമാണ് ആ ഉറവിടം.

മാർ യോഹന്നാൻ ക്രിസോസ്തോം, ദൈവകരുണയെ ഒരു വലിയ സമുദ്രത്തോടാണ് ഉപമിച്ചത്. നമ്മുടെ പാപങ്ങളുടെ തീ എത്ര വലുതാണെങ്കിലും, ദൈവകരുണയാകുന്ന സമുദ്രത്തിൽ വീഴുമ്പോൾ അത് ഉടൻതന്നെ അണഞ്ഞുപോകുമെന്ന് അദ്ദേഹം പഠിപ്പിച്ചു. ദൈവം ശിക്ഷിക്കുന്നത് കോപം കൊണ്ടല്ല, മറിച്ച് തിരുത്താനാണെന്നും ആത്മാവിനെ അതിന്റെ യഥാർത്ഥ സൗന്ദര്യത്തിലേക്ക് തിരികെ കൊണ്ടുവരാനുമാണെന്ന് അദ്ദേഹം പ്രസംഗിച്ചിരുന്നു.

മാർ അപ്രേം കരുണയെ ഒരു 'ഉറവ'യായും 'ഔഷധ'മായും വിശേഷിപ്പിക്കുന്നു. മിശിഹായുടെ മനുഷ്യാവതാരത്തെ ദൈവകരുണയുടെ പരമോന്നത പ്രവൃത്തിയായാണ് അദ്ദേഹം കണ്ടത്. മനുഷ്യന്റെ ബലഹീനതയെ ഉള്ളിൽനിന്ന് സുഖപ്പെടുത്താൻ ദൈവം മനുഷ്യരൂപം ധരിച്ചുവെന്ന് അദ്ദേഹം പഠിപ്പിച്ചു.

കർത്താവിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമായ തിരുനാളുകൾക്കാണ് ആദിമസഭ പ്രധാന്യം കൊടുത്തിരുന്നതും ആരാധനക്രമങ്ങളിൽ ആഘോഷിച്ചിരുന്നതും. ഓരോരോ കാലഘട്ടത്തിൽ ഉണ്ടാകുന്ന വ്യക്തിപരമായ വെളിപാടുകൾക്കും അതിൽനിന്ന് രൂപപ്പെടുന്ന ഭക്താനുഷ്ഠാനങ്ങൾക്കും അമിതപ്രാധാന്യവും പ്രചരണവും കൊടുക്കുന്നത് സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചുതന്ന സത്യവിശ്വാസത്തിൽ വെള്ളം ചേർക്കുന്നതും പുരാതന ആരാധനക്രമങ്ങളെ വികലമാക്കുന്നതുമാണ് എന്ന് പറയാതെ വയ്യ.

**പരിശുദ്ധ കുർബാന: ദൈവകരുണയുടെ ഏറ്റവും വലിയ ആഘോഷം**

പരിശുദ്ധ കുർബാനയെ ദൈവകാരുണ്യത്തിന്റെ അത്യുന്നതമായ ആഘോഷമായിട്ടാണ് സഭാപിതാക്കന്മാർ ദർശിക്കുന്നത്. പിതാവായ ദൈവം തന്റെ പുത്രനിലൂടെ മനുഷ്യവർഗത്തിനു നൽകിയ ഏറ്റവും വലിയ സ്നേഹപ്രകടനമാണ് കുർബാനയെന്ന് അവർ പഠിപ്പിക്കുന്നു.

അന്ത്യോക്യായിലെ മാർ ഇഗ്നാത്തിയോസും മാർ അപ്രേമും കുർബാനയെ 'അമർത്യതയുടെ ഔഷധമായി' വിശേഷിപ്പിക്കുന്നു. ദൈവത്തിന്റെ കരുണ ഇന്ന് 'ഔഷധ'മായി നാം അനുഭവിക്കുന്നത് കുർബാനയിലാണ്. കുർബാനയിലൂടെ വിശ്വാസികൾക്ക് പാപമോചനവും ആത്മീയമായ പുതുജീവനും ലഭിക്കുന്നു.

കുർബാനയെ ഒരു 'ആത്മീയ വിരുന്നായി' മാർ യോഹന്നാൻ ക്രിസോസ്തോം കണ്ടു. യോഗ്യതയില്ലാത്തവർപോലും ദൈവത്തിന്റെ അളവറ്റ കാരുണ്യത്താൽ ഈ വിരുന്നിലേക്ക് ക്ഷണിക്കപ്പെടുന്നു എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

ദൈവകാരുണ്യംവഴി മനുഷ്യൻ ദൈവസ്വഭാവത്തിൽ പങ്കുകാരാകുന്നതിനെക്കുറിച്ച് മാർ അത്തനാസിയോസ് ഊന്നിപ്പറയുന്നു. "ദൈവം മനുഷ്യനായത്, മനുഷ്യർ ദൈവമക്കളായിത്തീരുന്നതിനു വേണ്ടിയാണ്" എന്ന അദ്ദേഹത്തിന്റെ വാക്കുകൾ കുർബാനയിലെ കാരുണ്യത്തിന്റെ ആഴം വ്യക്തമാക്കുന്നു.

കുർബാന ഒരേസമയം കാൽവരിയിലെ ബലിയുടെ അനുസ്മരണവും സ്വർഗീയ വിരുന്നിന്റെ മുന്നാസ്വാദനവുമാണ്. പരിശുദ്ധ കുർബാനയിൽ മിശിഹാ തന്നെത്തന്നെ പിതാവായ ദൈവത്തിനു സമർപ്പിക്കുന്നു. ഈ ബലി വഴി ലോകത്തിനുമുഴുവൻ കരുണയും കൃപയും ലഭിക്കുന്നു എന്ന് സഭ പഠിപ്പിക്കുന്നു. കുർബാന എന്നത് കേവലം ഒരു ചടങ്ങല്ല, മറിച്ച് ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലുകളുടെ ആഘോഷമാണ്. കുർബാന മുഴുവനും ദൈവത്തിന്റെ കരുണയെയും സ്നേഹത്തെയും വാഴ്ത്തുന്ന പ്രാർത്ഥനകളാൽ സമ്പന്നമാണ്.

**മാറൻ എസ്രാഹം അലൈൻ (കർത്താവേ ഞങ്ങളുടെ മേൽ കരുണയുണ്ടാകണമെ)**

തന്റെ മക്കൾക്ക് നിത്യജീവൻ നൽകാനായി ദൈവം തന്റെ പുത്രനെ നൽകിയ ആ വലിയ കാരുണ്യത്തിന്റെ ജീവസ്സുറ്റ അടയാളമാണ് ഓരോ പരിശുദ്ധ കുർബാന അർപ്പണവും. കുർബാന അർപ്പിക്കാൻ കർത്താവ് സ്ഥാപിച്ച സഭ കരുണയുടെ നിക്ഷേപാലയമാണ്. കർത്താവിന്റെ കരുണയുടെ ജീവിക്കുന്ന തെളിവുകളാണ് ഓരോ കൂദാശയും. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ ദൈവകരുണ എന്നത് ചില ദിവസങ്ങളിൽമാത്രം കിട്ടുന്ന എന്തോ ആണെന്നും, അന്നാണ് എല്ലാ പാപങ്ങളും മോചിക്കപ്പെടുന്നത് എന്നും, അതിന് നൊവേന ചൊല്ലി ഒരുങ്ങണമെന്നും പഠിപ്പിക്കുന്നത് സത്യവിശ്വാസത്തോടുചേർന്ന് നിൽക്കുന്നതാണോ എന്ന് സംശയമുണ്ട്.

ശരിയായ സഭാപൈതൃക ബോധവും പഠനവും ഇല്ലെങ്കിൽ പാശ്ചാത്യസഭയിലെ ഭക്താനുഷ്ഠാനങ്ങൾകൊണ്ട് ഈ പൗരസ്ത്യസഭ പൊറുതിമുട്ടും എന്ന് പറയാതെ വയ്യ (ഇപ്പോൾ ത്തന്നെ ഏറെക്കുറെ അങ്ങനെ ആയി കഴിഞ്ഞു). കത്തോലിക്കനാകണമെങ്കിൽ റോമൻസഭയുടെ ഭക്താനുഷ്ഠാനങ്ങൾ അനുഷ്ഠിക്കണമെന്നു ചിന്തിക്കുന്ന ഒരു കൂട്ടരുണ്ട്. മാതൃസഭയുടെ പൈതൃകവും പാരമ്പര്യവും "സുഖകരമല്ല" എന്നു ചിന്തിക്കുന്ന മറ്റൊരു കൂട്ടരുണ്ട്. ഇവരുടെ യൊക്കെ ഇടയിൽ മാതൃസഭയുടെ തനതായ തിരുനാൾ ആചരണങ്ങൾ വിസ്മരിക്കപ്പെട്ടു പോകുന്നതിൽ അത്ഭുതമില്ല. അതുകൊണ്ട്, സഭാസ്നേഹവും സമുദായ സ്നേഹവും വളർ ത്താനും പഠിപ്പിക്കാനും ജീവിക്കാനും സാധിക്കണം. അങ്ങനെ മാർത്തോമ്മാ നസ്രാണി സഭാപൈതൃകത്തിൽ അഭിമാനവും ആനന്ദവുമുള്ള ഒരു തലമുറ വളർന്നു വരട്ടെ എന്നു പ്രാർത്ഥിക്കാം.

*മാഗ്നിഫിക്കാത്ത്-4*

# മർത്ത് മറിയവും ഉത്ഥാനവും

റവ. ഡോ. അനീഷ് ജേക്കബ് കിഴക്കേവീട്
ചങ്ങനാശ്ശേരി അതിരൂപത

**ആമുഖം**

സുറിയാനി ദൈവശാസ്ത്രം പരിശുദ്ധ അമ്മയ്ക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. കുറച്ചു വർഷങ്ങൾ ഈ ലോകത്തിൽ ജീവിച്ച വിശുദ്ധയായ ഒരു ചരിത്രവ്യക്തി എന്നതിലുപരി, ദൈവത്തിന്റെ രക്ഷാകരപദ്ധതിയോട് ആദ്യന്തം ഏറ്റവും പങ്കുചേർന്ന, ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തി എന്ന നിലയിലാണ് സുറിയാനി സഭ അമ്മയെ കാണുകയും വണങ്ങുകയും ചെയ്യുന്നത്.

വിശുദ്ധ ഗ്രന്ഥം വ്യാഖ്യാനിക്കുമ്പോൾ സുറിയാനിപിതാക്കന്മാർ പരിശുദ്ധ മറിയത്തിന് ഒരു പ്രത്യേക സ്ഥാനം നൽകുന്നുണ്ട്. പുതിയ നിയമത്തിൽ 'മറിയം' എന്നു പേരുള്ള എല്ലാവരുടെയും നല്ല ഗുണങ്ങൾ പരിശുദ്ധ അമ്മയിൽ ലയിക്കുന്നതായി നമുക്കു കാണുവാൻ സാധിക്കും. ഈ പ്രവണത ആരാധനക്രമത്തിലുമുണ്ട്. ഇതിനെ 'Fusion of Maries' എന്നാണു വിളിക്കുന്നത്.

ഉദാഹരണത്തിന്, പരിശുദ്ധ കന്യകാമറിയത്തിന്റെ ശൂനായത്തിരുനാളിന്റെ (സ്വർഗാരോപണം) യാമപ്രാർത്ഥനയിൽ മാതാവിനെ പ്രകീർത്തിക്കുന്നത് 'അവൾ നല്ല ഭാഗം തിരഞ്ഞെടുത്തു' എന്നു പറഞ്ഞുകൊണ്ടാണ്. എന്നാൽ യഥാർത്ഥത്തിൽ ഈശോ ഇതു പറഞ്ഞത് ഈശോയുടെ പാദത്തിങ്കൽ ഇരുന്ന് അവന്റെ വചനങ്ങൾ ശ്രവിച്ച, ലാസറിന്റെ സഹോദരിയായ മറിയത്തെക്കുറിച്ചായിരുന്നു (ലൂക്കാ 10,42).

മാതാവിനെക്കുറിച്ച് ഇങ്ങനെയൊരു വിശേഷണം തികച്ചും അർത്ഥവത്തുമാണ്. കാരണം, ഗബ്രിയേൽ ദൂതൻ വഴി വന്ന ദൈവികസദ്വാർത്തയ്ക്കു സമ്മതം നൽകുന്നതോടെ, ഏറ്റവും നല്ല ഭാഗം തിരഞ്ഞെടുത്തവളായിത്തീർന്നു പരിശുദ്ധ കന്യകാമറിയം.

**പരിശുദ്ധ അമ്മ ഈശോയുടെ ഉത്ഥാനത്തിൽ**

വിശുദ്ധ ഗ്രന്ഥത്തിൽ ഒരിടത്തും, ഈശോയുടെ ഉത്ഥാനസമയത്തോ ഉത്ഥാനസ്ഥലത്തോ മാതാവിന്റെ സാന്നിധ്യം ഉണ്ടായിരുന്നതായി പറയുന്നില്ല. എന്നാൽ സുറിയാനി പിതാക്കന്മാർ അവരുടെ ഗീതങ്ങളിലും പ്രബോധനങ്ങളിലും ഈശോയുടെ കല്ലറയ്ക്കരുകിൽ മാതാവിനെ ചിത്രീകരിക്കുന്നുണ്ട്.

'മറിയവും തോട്ടക്കാരനും' എന്ന സുന്ദരമായ ഒരു ഗീതം മാർ അപ്രേം എഴുതിട്ടുണ്ട്. ഈശോയുടെ ഉത്ഥാനശേഷം അവിടുന്നു മഗ്ദലനമറിയത്തിനു പ്രത്യക്ഷപ്പെടുകയും അവൾ അതു തോട്ടക്കാരനാണ് എന്ന് തെറ്റിദ്ധരിക്കുകയും ചെയ്യുന്ന സംഭവത്തെ (യോഹ 20,11-18)

ആസ്പദമാക്കിയുള്ള ഗീതമാണിത്. എന്നാൽ അപ്രേം പറയുന്നത് തോട്ടത്തിൽ ഈശോ കണ്ടുമുട്ടിയത് പരിശുദ്ധ കന്യകാമറിയത്തെയാണ് എന്നാണ്. മാർ അപ്രേം എഴുതുന്നു:



“ജന്മം കൊടുത്തവൾക്കു തന്നെ
സുതന്റെ ഉത്ഥാനം
സാക്ഷ്യമായി നൽകപ്പെട്ടു
സുതന്റെ ഉത്ഥാനത്തിന്
അമ്മ തന്നെ ആദ്യം
സാക്ഷ്യം നൽകി”

പരിശുദ്ധ അമ്മയ്ക്കാണ് ഈശോ ആദ്യം പ്രത്യക്ഷപ്പെട്ടതെന്നും അമ്മയാണ് ഈശോയുടെ ഉത്ഥാനത്തിന് പ്രഥമ സാക്ഷ്യം നൽകിയതെന്നുമാണ് മാർ അപ്രേം പറയുന്നത്.

പരിശുദ്ധ കന്യകാമറിയം തിരുസഭയുടെ പ്രതീകമായതിനാലാണ് ഈശോ ആദ്യം അമ്മയ്ക്കു പ്രത്യക്ഷപ്പെട്ടത് എന്നാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. കാരണം ഈശോയുടെ ഉത്ഥാനത്തിനു സാക്ഷ്യം നൽകുക എന്നത് സഭയുടെ അവകാശവും കടമയുമാണ്. പരിശുദ്ധ അമ്മ തന്നെ ഈശോയുടെ ഉത്ഥാനത്തിനു സാക്ഷിയാവുകവഴി അവൾ സഭയുടെ പ്രതിബിംബമായിത്തീരുകയായിരുന്നു (Mary is the archetype of the Church).

ഇതേ ആശയം തന്നെ ‘ജോസഫിന്റെ തോട്ടത്തിൽ’ എന്ന ഗീതത്തിൽ സെറൂഗിലെ യാക്കോബും പറയുന്നുണ്ട്. ‘ഉത്ഥിതനായവൻ തന്നെത്തന്നെ വാഴ്ത്തപ്പെട്ടവൾക്കു കാണിച്ചു കൊടുത്തു’ എന്ന് യാക്കോബ് പറയുന്നത് പരിശുദ്ധ മറിയത്തെ ഉദ്ദേശിച്ചുതന്നെയാണ്.

സുറിയാനി പിതാക്കന്മാർ മാത്രമല്ല ആധുനിക ദൈവശാസ്ത്രജ്ഞന്മാരും ഈ അഭിപ്രായത്തെ പിന്താങ്ങുന്നുണ്ട്. അതിൽ പ്രധാനിയാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ. 1997 മെയ് 21-ാം തീയതി അദ്ദേഹം നൽകിയ ‘ജനറൽ ഓഡിയൻസിൽ’ ഇങ്ങനെ പറയുന്നു: “ഈശോ ഉത്ഥാനരഹസ്യം ശ്ലീഹന്മാർക്കു നൽകുവാൻ മഗ്ദലേനയെ ഭരമേൽപിക്കുന്നു എന്നത് ശരിതന്നെ. എന്നാൽ, ഈശോ തന്നെത്തന്നെ തന്റെ അമ്മയ്ക്ക് കാണിച്ചു കൊടുത്തു എന്നു

ചിന്തിക്കാനും ഈ വസ്തുത നമ്മെ പ്രേരിപ്പിക്കുന്നു. കാരണം ഏതു പ്രതിസന്ധിയിലും വിശ്വാസം കാത്തുസൂക്ഷിച്ചതും വിശ്വസ്തയായി നിലകൊണ്ടതും അവളാണ്".

ഈശോയുടെ പെസഹാരഹസ്യങ്ങളിലെല്ലാം മാതാവ് സാക്ഷിയായിരുന്നു എന്നു പറയുമ്പോഴാണ് മാർപാപ്പ ഇതു പറയുന്നത്. ഈശോയുടെ സഹനത്തിനും കുരിശുമരണത്തിനും സാക്ഷിയായതുപോലെ, അവിടുത്തെ ഉത്ഥാനത്തിനും മാതാവ് സാക്ഷിയായി എന്നു ചിന്തിക്കുന്നതും തികച്ചും അർത്ഥവത്താണ് എന്നാണ് അദ്ദേഹം പറയുന്നത്. ഉത്ഥാനവേളയിലുള്ള മറിയത്തിന്റെ ആനന്ദം മംഗളവാർത്താസമയത്തിലുള്ള അവളുടെ ആനന്ദത്തിന്റെ വ്യാപനമാണെന്നും, ആ ആനന്ദം മാനവകുലത്തിന്റെ മുഴുവൻ ആനന്ദത്തിനു കാരണമായെന്നും മാർപാപ്പ പറയുന്നു.

ഈശോയുടെ പെസഹാരഹസ്യങ്ങളാണല്ലോ മനുഷ്യകുലത്തിനു രക്ഷയ്ക്കു കാരണമായത്. ആ പെസഹാരഹസ്യങ്ങളിൽ പരിശുദ്ധ അമ്മ പൂർണ്ണമായും പങ്കുചേർന്നു എന്ന കത്തോലിക്കാസഭയുടെ പ്രബോധനം സുറിയാനിപിതാക്കന്മാരിലും വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയിലും നമുക്കു കാണുവാൻ സാധിക്കും.

**ഉത്ഥാനം പരിശുദ്ധ അമ്മയുടെ ജീവിതത്തിൽ**

ഈശോയുടെ പെസഹാരഹസ്യങ്ങളിൽ അതിന്റെ പൂർണ്ണതയിൽ പങ്കുചേർന്ന അമ്മയെ സംബന്ധിച്ചിടത്തോളം, തന്റെ ജീവിതത്തിലും, സഹനവും മരണവും ഉത്ഥാനവും ആഗ്രഹിച്ചിരുന്നു എന്ന് സെറൂഗിലെ യാക്കോബ് പറയുന്നു. 'മറിയത്തിന്റെ മരണവും കബറിടക്കവും' എന്ന മനോഹരമായ ഒരു പ്രബോധനഗീതം യാക്കോബിന്റെ പേരിലുണ്ട്. തന്റെ മകൻ സഹനത്തിന്റെയും മരണത്തിന്റെയും കാസ കുടിച്ചതുപോലെ സഹനവും മരണവും മാതാവും രുചിച്ചു എന്നും അദ്ദേഹം പറയുന്നു.

ഈശോയുടെ മരണംപോലെതന്നെ മഹത്ത്വീകൃതമായ മരണമായിരുന്നു മറിയത്തിന്റേതും. ആ സമയം പ്രകൃതിക്ക് മാറ്റമുണ്ടായി. ഈശോയുടെ ശരീരം നിക്കോദേമോസ് കച്ചയാൽ പൊതിഞ്ഞതുപോലെ, മാതാവിന്റെ പുണ്യശരീരം യോഹന്നാൻ കച്ചയാൽ പൊതിഞ്ഞു എന്ന് യാക്കോബ് പറയുന്നു. ഈശോയുടെ മരണത്തിൽ പങ്കുചേർന്ന അമ്മ അവിടുത്തെ ഉത്ഥാനത്തിലും പങ്കുചേർന്നു. അവളുടെ ഉത്ഥാനത്തിൽ അബ്രാഹത്തിന്റെയും മറ്റു പൂർവ്വപിതാക്കന്മാരുടെയും പ്രത്യാശ ഫലപ്രാപ്തിയിലെത്തി എന്ന് യാക്കോബ് തന്റെ ഗീതത്തിന്റെ അവസാനം പഠിപ്പിക്കുന്നു.

പൗരസ്ത്യസുറിയാനി കാതോലിക്കോസ് ആയിരുന്ന ഈശോയാബ് മൂന്നാമൻ (7-ാം നൂറ്റാണ്ട്) മാതാവ് ഉയിർത്തു എന്ന് കൃത്യമായി പറയുന്നുണ്ട്. വിജയശ്രീലാളിതയായ രണ്ടാം ഹാവായായ മറിയം മഹത്ത്വത്തോടെ ഈ ലോകത്തോടു വിട പറയുകയും മഹത്ത്വത്തോടെ ഉയിർക്കുകയും ചെയ്തു എന്നാണ് ഈശോയാബ് മൂന്നാമൻ പഠിപ്പിക്കുന്നത്.

പരിശുദ്ധ കന്യകാമറിയത്തിന്റെ ഉത്ഥാനത്തിനു കാരണം ഈശോയുടെ ഉത്ഥാനമാണ്. മാത്രമല്ല, ഈശോയാണ് അമ്മയെ ഉയിർപ്പിച്ചതും. ഇതു തിരുസഭയുടെ വലിയ ഒരു വിശ്വാസസത്യമാണ്. അതാണ് പരിശുദ്ധ കുർബാനയിൽ ഉത്ഥാനഗീതത്തിൽ നാം ഏറ്റുപറയുന്നത്: "എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു".

## ഈശോയുടെ ഉത്ഥാനവും പരിശുദ്ധ അമ്മയുടെ കന്യാത്വവും

സുറിയാനിപിതാക്കന്മാർ ഈശോയുടെ ഉത്ഥാനത്തെ പരിശുദ്ധ മറിയത്തിന്റെ കന്യാത്വവുമായി ബന്ധിപ്പിക്കുന്നുണ്ട്. മാർ അപ്രേമിന്റെ പതിനൊന്നാമത്തെ മരിയൻ ഗീതത്തിൽ ഇങ്ങനെ നാം കാണുന്നു: "അവളുടെ കർണത്തിലൂടെ അവൻ പ്രവേശിച്ചു, നിഗൂഢമായി അവളുടെ ഉദരത്തിൽ വസിച്ചു. കന്യാത്വത്തിന്റെ മുദ്രകൾ ഭേദിക്കാതെ അവൻ ഉദരത്തിൽനിന്നു പുറത്തുവന്നു. അതുപോലെ മുദ്രകൾ ഭേദിക്കാതെ അവൻ കല്ലറയിൽനിന്നു പുറത്തുവന്നു".

കല്ലറ തകർക്കാതെ ഈശോ ഉത്ഥാനം ചെയ്തതുപോലെ അവൻ മാതാവിന്റെ കന്യാത്വം ഇല്ലാതാക്കാതെ അവളിൽനിന്നു ജനിച്ചു എന്നാണ് മാർ അപ്രേം പറയുന്നത്. ഈശോയുടെ ദൈവത്വത്തെയാണ് ഇവിടെ എടുത്തു കാണിക്കുന്നത്.

എസക്കിയേലിന്റെ പുസ്തകം നാല്പത്തിനാലാം അധ്യായം രണ്ടാം വാക്യത്തിൽ കാണുന്ന 'അടഞ്ഞ വാതിൽ' മാതാവിന്റെ പഴയനിയമപ്രതിരൂപമാണെന്ന് സുറിയാനി ആരാധനക്രമം പറയുന്നു. ദൈവം കയറിയ വാതിൽ അടഞ്ഞുതന്നെ കിടക്കുന്നു എന്നത് മറിയത്തിന്റെ കന്യാത്വത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ്. ഇതിനു സമാനമായ പ്രതീകാത്മകത ഈശോയുടെ ഉത്ഥാനാനന്തര പ്രത്യക്ഷീകരണങ്ങളിൽ കാണുവാൻ സാധിക്കും. വാതിൽ അടച്ചിട്ടിരുന്ന മുറിയിലാണ് ഉത്ഥാനശേഷം ഈശോ പ്രത്യക്ഷപ്പെടുന്നത് (യോഹ 20,19). മാതാവിന്റെ കന്യാത്വത്തിനു ഭംഗം വരുത്താതെ ഈശോയ്ക്കു ജനിക്കാൻ കഴിയും എന്നതാണ് അടച്ചിട്ടിരുന്ന വാതിലിലൂടെ ഈശോ പ്രവേശിച്ചു എന്നത് ദ്യോതിപ്പിക്കുന്നത്.

## ഉപസംഹാരം

ഈശോയുടെ പെസഹാരഹസ്യങ്ങളോട് ഏറ്റവും ചേർന്നു നിന്നവളാണ് പരിശുദ്ധ അമ്മ. അമ്മയെപ്പോലെ സഹനങ്ങളിലും വേദനകളിലും ഈശോയോടു ചേർന്നുനിന്നാൽ, മഹത്ത്വമുള്ള മരണവും അതിമഹത്ത്വമുള്ള ഉത്ഥാനവും ലഭിക്കും എന്ന വിശ്വാസസത്യമാണ് പരിശുദ്ധ മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്.

പരിശുദ്ധ കന്യകാമറിയം തന്റെ ദൈവമാതൃത്വത്തിന്റെ ദാനത്താലും അനന്യമായ ദാനങ്ങളാലും കടമകളാലും സഭയോടു ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ അംബ്രോസ് പഠിപ്പിക്കുന്നതുപോലെ, വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മിശിഹായോടുള്ള സമ്പൂർണ ഐക്യത്തിന്റെയും മണ്ഡലങ്ങളിൽ ദൈവമാതാവ് സഭയുടെ സമ്പൂർണ പ്രതിരൂപമാണ്. കാരണം, മാതാവെന്നും കന്യകയെന്നും സാർത്ഥകമായി വിളിക്കപ്പെടുന്ന സഭയുടെ രഹസ്യത്തിൽ ഭാഗ്യവതിയായ കന്യകാമറിയം കന്യകയുടെയും മാതാവിന്റെയും ദൃഷ്ടാന്തം അതിവിശിഷ്ടവും അനന്യവുമാംവിധം അവതരിപ്പിച്ചുകൊണ്ട് സഭയുടെ മുന്നോടിയായിത്തീർന്നു. വിശ്വസിച്ചും അനുസരിച്ചുംകൊണ്ട് പിതാവിന്റെ സുതനെത്തന്നെ ഈ ലോകത്തിൽ മറിയം ജനിപ്പിച്ചു (LG 63).



# പ്രതീക്ഷയുടെ വിതക്കാർ

**ആൻസി കടുപ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സ്നേഹത്തിനു വണ്ടി തോൽക്കുന്നവർക്കും തോൽവി ഏറ്റെടുക്കുന്നവർക്കും ഒരുനാളും മരണമില്ല എന്ന ദിവ്യദൂത് കൈമാറുന്ന ഒരു ഉയിർപ്പുകാലംകൂടി വരവായി. മരണഭയത്തെ ഇല്ലാതാക്കി പാപത്തിന്റെ ശക്തിയെ തകർത്ത് ഉത്ഥിതൻ നമ്മുടെ കൂടെയുണ്ട്. നമ്മുടെ ജീർണ്ണതകളെ ജീവനാക്കി മാറ്റാൻ കഴിയുന്ന നമ്മുടെ കർത്താവ് സമീപത്തുണ്ട്. നിരാശയ്ക്കും ലക്ഷ്യമില്ലായ്മയ്ക്കും ഇനി നമ്മുടെ ജീവിതത്തിൽ സ്ഥാനമില്ലെന്ന് ഉത്ഥിതൻ നമ്മെ ഓർമിപ്പിക്കുന്നു. "നമ്മുടെ വേദനകളാണ് അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (ഏശ 53,4-5). എനിക്കും നിനക്കും വേണ്ടിയാണ് അവിടുന്ന് സഹിച്ചതും മരിച്ചതും ഉത്ഥിതനായതും.

എഡ്വേർഡ് ഷാനറ്റ് എന്ന കവി ക്രിസ്തുമതം സ്വീകരിക്കാൻ ഇടയായതിന് കാരണമായി അദ്ദേഹം തന്റെ ഒരു കവിതയിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: ''മിശിഹായെ എനിക്കിഷ്ടമാണ്, കാരണം അവന് മുറിവുകളുണ്ട്. അതുകൊണ്ട് എന്റെ മുറിവുകളുടെ ആഴം അവനു പെട്ടെന്ന് മനസ്സിലാകും''. അതെ, അവനോളം മനുഷ്യന്റെ മുറിവുകളെ മനസ്സിലാക്കിയ മറ്റാരും ഉണ്ടാവില്ല. ഏതൊരു മനുഷ്യനും ജീവിതത്തിൽ അനുഭവിച്ചേക്കാവുന്ന സകലവിധ

യാതനകളിലൂടെയും ഈശോ കടന്നുപോയി. അതുകൊണ്ടുതന്നെ സമാനമായ അനുഭവങ്ങളാൽ വീർപ്പുമുട്ടുന്ന ആർക്കും ധൈര്യമായി അവന്റെ അരികിൽ കടന്നുവരാം. അവനവരെ ആശ്വസിപ്പിക്കും.... ശക്തിപ്പെടുത്തും.... അവർക്ക് പ്രതീക്ഷ നൽകും....

ഗുജറാത്ത് ഭൂകമ്പത്തിൽ തകർന്നടിഞ്ഞ കെട്ടിട അവശിഷ്ടങ്ങളുടെ ഇടയിൽനിന്ന് ആറു ദിവസങ്ങൾക്കുശേഷം രക്ഷാപ്രവർത്തകർ കണ്ടെത്തിയ നളിനി എന്ന സ്ത്രീയോട് എങ്ങനെ ഇത്രയും ദിവസം ആ കനത്ത ഇരുട്ടിൽ, ഭയന്ന്, മരിക്കാതെ കഴിച്ചുകൂട്ടി എന്ന് ചോദിച്ച പത്രപ്രവർത്തകർക്ക് കിട്ടിയ ഉത്തരം ഇതായിരുന്നു: “ശരിയാണ് ഒരിക്കലും രക്ഷപ്പെടില്ല എന്ന് തോന്നിക്കത്തക്കവിധം കോൺക്രീറ്റ് സ്ലാബുകൾക്കിടയിൽ കുരുങ്ങി പോയിരുന്നു ഞാൻ. എന്നാൽ പ്രഭാതം ആകുമ്പോഴൊക്കെ ചുറ്റും തിങ്ങിയ കനത്ത ഇരുട്ട് ഭേദിച്ച് ഒരു കൊച്ചു വിടവിലൂടെ സൂര്യന്റെ ഒരു പ്രകാശരശ്മി എന്റെ മേൽ പതിക്കുന്നുണ്ടായിരുന്നു. അതിലേക്ക് പ്രതീക്ഷയോടെ നോക്കി രക്ഷിക്കണേ... രക്ഷിക്കണേ... എന്ന് ഞാൻ കേണുകൊണ്ടിരുന്നു. ആ ചെറുവെളിച്ചമാണ് രക്ഷപെടും എന്ന പ്രത്യാശ നിലനിർത്തുവാൻ എന്നെ സഹായിച്ചത്”.

ഇരുളിലാണ്ടു കിടന്നവ ദൈവികപ്രകാശത്താൽ പൂരിതമായി. “അവൻ ഇവിടെ ഇല്ല; താൻ അരുളിച്ചെയ്തതു പോലെ അവൻ ഉയർപ്പിക്കപ്പെട്ടു” (മത്താ 28,6) എന്ന് ദൈവത്തിന്റെ തേജസ്വിയായ മാലാഖ ഇന്നും നമ്മോട് ആവർത്തിക്കുന്നു. അതെ മരണത്തെ കീഴടക്കിയ നിത്യപ്രകാശമായ ഈശോ മനുഷ്യകുലത്തിനു മുഴുവൻ നൽകിയത് പ്രതീക്ഷയുടെ വാർത്തയാണ്. ഈശോയെപ്പോലെ ഓരോ ക്രൈസ്തവന്റെയും ജീവിതം അപരന് പ്രതീക്ഷ പകരുന്ന ജീവിതമായിരിക്കണം.

നമുക്കു വേണ്ടത് സമാധാനവും സന്തോഷവും പ്രതീക്ഷയും നിറഞ്ഞ ഒരു പുതിയ ലോകമല്ലേ? വിശുദ്ധ മദർ തെരേസ, കൽക്കട്ടയിലെ തെരുവിൽനിന്ന് വാരിയെടുത്ത ഒരു വൃദ്ധന്റെ അനുഭവം വിവരിക്കുന്നുണ്ട്. മരിക്കാറായ അദ്ദേഹത്തെ മടിയിൽ കിടത്തി ‘മോനേ...’ എന്ന് ആ അമ്മ വിളിച്ചപ്പോൾ ആ വൃദ്ധൻ പതുക്കെ കണ്ണുതുറന്നു നോക്കി. പാവങ്ങളുടെ അമ്മ പറയുകയാണ്, “എന്റെ ജീവിതം ധന്യമായി, ഒരാൾക്കെങ്കിലും പ്രതീക്ഷ പകരുവാൻ എനിക്ക് കഴിഞ്ഞല്ലോ”.

ഇതുതന്നെയാണ് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമിപ്പിക്കുന്നതും. മറ്റുള്ളവർക്കായി ജീവിക്കുക എന്നത് പ്രകൃതിനിയമമാണ്. നദികൾ അവയുടെ ജലം കുടിക്കാറില്ല... വൃക്ഷങ്ങൾ അവയുടെ ഫലം ഭക്ഷിക്കുന്നില്ല... പൂക്കൾ അവയ്ക്കായി സുഗന്ധം പരത്താറില്ല... സൂര്യൻ തനിക്കായി പ്രകാശിക്കുന്നില്ല...

പ്രിയപ്പെട്ടവരേ, നാം പരസ്പരം സഹായിക്കാൻ, പ്രതീക്ഷ പകരാൻ, വിളിക്കപ്പെട്ടവരാണ്. പ്രയാസങ്ങളും പ്രതിസന്ധികളും യുദ്ധങ്ങളും മഹാമാരികളും ഉണ്ടാകും. ജീവിതം ധന്യമാകുന്നത് നിങ്ങൾ സന്തോഷമുള്ളവരാകുമ്പോഴാണ്. എന്നാൽ ജീവിതം ഏറെ ധന്യമാകുന്നത് നീ കാരണം മറ്റുള്ളവർ സന്തോഷിക്കുമ്പോൾ മാത്രം...! ഈ സന്ദേശം ഈസ്റ്റർദിനത്തിൽ മാത്രം ഒതുങ്ങാതെ അനുനിമിഷം പ്രാവർത്തികമാക്കാൻ നമുക്ക് പരിശ്രമിക്കാം.

ഈസ്റ്റർദിനത്തിൽമാത്രം ഒതുക്കേണ്ടതല്ല ഈശോയുടെ ഉത്ഥാനത്തിന്റെ അനുസ്മരണവും അനുഭവവും. മറിച്ച് അനുദിനജീവിതത്തിൽ അനുഭവപ്പെടുന്ന നമ്മുടെ നിരാശകളിൽ പ്രത്യാശയായി, നമ്മുടെ പരാജയങ്ങളിൽ വിജയമായി, നമ്മുടെ കോട്ടങ്ങളിൽ നേട്ടമായി അവിടുന്ന് നമ്മിൽ ഉയിർത്തെഴുന്നേൽക്കും... തീർച്ച....!

# നമുക്കും സാധിക്കുമോ?




**സിജി കുന്നത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സഭയിൽ എല്ലാവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധരുടെ കൂട്ടായ്മ തിരുസഭയുടെ വലിയ സമ്പത്താണ്. ദൈവവിളികൾക്കു മുമ്പിൽ ആമേൻ പറഞ്ഞവരാണ് വിശുദ്ധർ. സഭയിൽ ഓരോ വിശുദ്ധരെയും പ്രത്യേകമായി അനുസ്മരിക്കുന്ന പതിവുകൾ നിലനില്ക്കുമ്പോൾതന്നെ സകല വിശുദ്ധർക്കുമായി സഭ ഒരു ദിനം മാറ്റിവച്ചിരിക്കുന്നു എന്നത് ഏറെ അർത്ഥവത്താണ്. എപ്പോഴും ഈശോയോട് ചേർന്നിരിക്കാനായി അക്ഷീണം പ്രയത്നിച്ചവരാണ് നമുക്കു മുമ്പേ ജീവിതമാതൃക കാണിച്ചുകടന്നുപോയ വിശുദ്ധാത്മാക്കൾ. ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരാൻ മർത്യനു കഴിയും എന്നതിന് ഉത്തമസാക്ഷികളാണ് ഈ ധന്യാത്മാക്കൾ.

ഉയിർപ്പുകാലത്തെ ആദ്യത്തെ വെള്ളിയാഴ്ച പൗരസ്ത്യ സുറിയാനി സഭയിൽ സകല വിശുദ്ധരുടെയും ഓർമ്മ കൊണ്ടാടുന്നു. ഈ തിരുനാളിന്റെ ഉത്ഭവം പേർഷ്യൻ രാജാവായ സാപ്പോർ രണ്ടാമന്റെ കാലത്തെ (309-379) മതപീഡനത്തോടു ബന്ധപ്പെട്ടാണിരിക്കുന്നത്. ക്രിസ്തുവർഷം 341 ൽ ദുഃഖവെള്ളിയാഴ്ച ദിവസം സെലൂഷ്യയിലെ കാതോലിക്കോസ് മാർ സൈമൺ ബാർസബായെയും മറ്റു പല മെത്രാന്മാരെയും വിശ്വാസികളെയും സാപ്പോർ രണ്ടാമൻ രാജാവ് കൊലപ്പെടുത്തി. ഇതിനെ രക്തസാക്ഷികളുടെ ദിനമായി ക്രിസ്ത്യാനികൾ അനുസ്മരിക്കുവാൻ തുടങ്ങി. എന്നാൽ ദുഃഖവെള്ളി കർത്താവിന്റെ പീഡാനുഭവത്തിന്റെ ഓർമ്മയ്ക്കായി നിയോഗിച്ചിരുന്നതിനാൽ, തൊട്ടടുത്ത വെള്ളിയാഴ്ച (ഉയിർപ്പുകാലത്തെ ആദ്യത്തെ വെള്ളിയാഴ്ച) മിശിഹായെ അടുത്തനുകരിച്ച് അവിടുന്നിലുള്ള വിശ്വാസത്തിനുവേണ്ടി ജീവൻ സമർപ്പിച്ച വന്ദകരെയും

രക്തസാക്ഷികളെയും ഓർമ്മിക്കുവാൻ മാറ്റിവെച്ചു. ഈ വെള്ളിയാഴ്ചയാണ് പിന്നീട് സകല വിശുദ്ധരുടെയും തിരുനാൾ ദിനമായിത്തീർന്നത് (റവ. ഡോ. ജോൺ മൂലൻ, പൗരസ്ത്യ സുറിയാനി കലണ്ടർ).

മിശിഹായെ അടുത്തനുഗമിക്കാൻ ആഗ്രഹിക്കുന്നവർ അവന്റെ മഹത്ത്വത്തിൽമാത്രം പങ്കുചേർന്നാൽ പോരാ, അവനെപ്പോലെ സഹനങ്ങൾ ഏറ്റെടുക്കുന്നവരും ക്ഷമ നൽകുന്നവരുമാകണം. അടുത്തനുഗമിക്കുന്നവന്റെ ഓരോ ചുവടടിയും കർത്താവിന്റെ കാലടിപ്പാടിൽനിന്ന് അകലെയല്ല എന്നു ഉറപ്പുവരുത്തണം. ഇന്ന് പലരിലും കാണുന്ന പുറംമോടികൾ ഇതിനു വിരുദ്ധമാണ്; അതായത് കുടുംബത്തിൽ ആർക്കും അടുക്കാൻ പറ്റാത്ത സ്വഭാവവും വീടിനു പുറത്ത് ഭക്തനും സഹായിയും നന്മയുടെ ആൾരൂപവും! ഈ ഉയിർപ്പുകാലദിനങ്ങളിൽ നമുക്കു ചിന്തിക്കാം; നാം യഥാർത്ഥത്തിൽ മിശിഹാനുയായികളോ...? അതോ നാമമാത്ര ക്രിസ്ത്യാനികളോ?

മിശിഹായെ ഏറ്റുപറയുകയും അവിടുത്തെ മഹത്ത്വം പ്രകീർത്തിക്കുകയും ചെയ്തവരാണ് വിശുദ്ധർ. നൈജീരിയയിലും ലോകത്തിന്റെ മറ്റു പല ദേശങ്ങളിലും നമ്മുടെ രാജ്യത്തും ക്രിസ്ത്യാനികൾക്കുനേരെ ഒത്തിരിയേറെ കടന്നാക്രമണങ്ങൾ നടക്കുന്ന കാലഘട്ടത്തിൽ നമുക്കും രക്തസാക്ഷിത്വം അധികം അകലെയല്ല എന്നു തിരിച്ചറിയാം. നിക്ഷേപം സ്വർഗ്ഗത്തിൽ സൂക്ഷിക്കാനായി ധൃതി കാട്ടിയവരാണ് ധന്യാത്മാക്കൾ. ഇന്നത്തെ ലോകത്തിൽ സുഖവും സമ്പത്തുംമാത്രം ലക്ഷ്യം വച്ച് നെട്ടോട്ടമോടുമ്പോൾ വിശുദ്ധിയും ദൈവമഹത്ത്വവും മൺമറഞ്ഞുപോകുന്നു എന്ന തിരിച്ചറിവിലേക്ക് നമുക്കു കടന്നുവരാം. ദൈവത്തിനു കൊടുക്കേണ്ട സ്ഥാനം മറ്റു പലതിനും കൊടുത്ത് നിത്യസമ്മാനം നഷ്ടപ്പെടുത്താതെ, നമുക്കായി ജീവൻ വെടിഞ്ഞവന്റെ സ്വന്തമാകുവാൻ ആവശ്യമായതെല്ലാം നമുക്കു ചെയ്യാം. ക്രൂശിതനായവന്റെ സ്വന്തമെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കാം.

വഴിവിളക്കുകളും ഉപദേശകരും മാതൃകകളുമെല്ലാമായി നമുക്കൊപ്പം വിശുദ്ധരുണ്ട്. ഇന്നും അനേക വിശുദ്ധർ സഭയിൽ നാമകരണം ചെയ്യപ്പെടുന്നു. നാമകരണം ചെയ്യപ്പെടാത്ത അനേകം പുണ്യജന്മങ്ങൾ സഭയ്ക്കു മുതൽകൂട്ടായി, സഭയുടെ വളർച്ചയുടെ പാതയിൽ വഴിവിളക്കായി, മാതൃകകളായി നിലകൊള്ളുന്നു. ജീവിതത്തിൽ ഇടർച്ചകളും പാളിച്ചകളും നൊമ്പരങ്ങളും കഷ്ടപ്പാടുകളും പ്രയാസങ്ങളും ഒക്കെ കടന്നുവരാം. നിരാശരാകാതെ കർത്താവിൽ ചരിച്ചാൽ അവസാനം അവന്റെ മഹത്ത്വം നാം സ്വന്തമാക്കുക തന്നെ ചെയ്യും. ആ നല്ല നാളിനായി വിശുദ്ധരെ മാതൃകകളാക്കാം, ദൈവത്തോടു ചേർന്നുനിൽക്കാം, പരിശുദ്ധരാകാം.

ദേശം മുഴുവൻ കർത്താവിന്റെ മഹിമയിൽ പങ്കുകാരാകട്ടെ. വിശുദ്ധർ നമുക്കു കൂട്ടാവട്ടെ. എന്നും എപ്പോഴും അവരുടെ ജീവിതം നമുക്കു കരുത്തു പകരട്ടെ. സകല വിശുദ്ധരുടെയും തിരുനാൾ സഭയോടൊപ്പം നമുക്കും കൊണ്ടാടാം.

ഉലകം നശ്വരമെന്നാലും
സത്യം സ്ഥിരമായ് നില്ക്കുന്നു
സത്യമറിഞ്ഞ വിശുദ്ധന്മാർ
ഭൗമികമായവ നിരസിച്ചു;
ദൈവഹിതംപോൽ ജീവിച്ചു
നേടീ ശാശ്വതമവകാശം (ഓനീസാ ദക്ദം, വേദസാക്ഷികളുടെ തിരുനാൾ)



# ഇതാണ് സൗഹൃദം!

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഉ**ത്ഥാനം സന്തോഷത്തിന്റെ അവസരമാണ്. നഷ്ടമായി എന്നു കരുതിയതൊക്കെ തിരിച്ചുകിട്ടുന്നതിന്റെ അടയാളമാണ്. എപ്പോഴൊക്കെയോ നഷ്ടപ്പെട്ടുവെന്നു തോന്നിയ ജീവിതസന്തോഷങ്ങൾ, ചിലപ്പോഴെങ്കിലും അനുഭവിക്കാൻ സാധിക്കാതെപോയ സമാധാനം... ഒക്കെ തിരിച്ചു കിട്ടിയ അനുഭവം. ഇതുപോലെ ഏതെങ്കിലുമൊക്കെ ഉത്ഥാനാനുഭവത്തിലൂടെ കടന്നുപോയവരാണ് നാമൊക്കെയും.

ഉത്ഥാനത്തിന്റെ സന്തോഷം ആഘോഷിക്കുമ്പോൾ ആ സന്തോഷത്തിനു നിമിത്തമായ വരെ വിസ്മരിക്കരുതല്ലോ! ഏകജാതനെ വിട്ടുകൊടുത്ത സ്വർഗ്ഗപിതാവിന്റെ വലിയ ത്യാഗവും സ്വന്തം മകനെ ബലിയായി വിട്ടുകൊടുത്ത ഒരു അമ്മയുടെ നിസ്സീമമായ ത്യാഗവും ഈ ഉത്ഥാന സന്തോഷത്തിന്റെ പിന്നിലുണ്ട്. സുവിശേഷത്തിലെ തളർവാതരോഗിക്കും ഈശോയുമായുള്ള ആ കണ്ടുമുട്ടൽ ഒരു ഉത്ഥാനാനുഭവമായിരുന്നു. തളർവാതരോഗിയുടെ ഈ അനുഭവത്തിന്റെ പിന്നിലും ഇതുപോലെ കുറച്ചാളുകളുടെ ത്യാഗത്തിന്റെ അനുഭവം നമുക്കു കാണാൻ സാധിക്കും.

സ്നേഹം പ്രതിബന്ധം അറിയുന്നില്ല! യഥാർത്ഥ സ്നേഹം പ്രതിബന്ധങ്ങളിൽ തട്ടിത്ത കരുന്നില്ല, തളരുന്നുമില്ല. അതു ദൈവത്തിന്റെ ദൃഷ്ടിയിൽപ്പെടുന്നു. ദൈവത്തിന്റെ പ്രതിഫലം അതിനു ലഭിക്കുന്നു. രണ്ടു സ്നേഹത്തെയാണ് ഇവിടെ വിലയിരുത്തേണ്ടത്. ഒന്ന് തളർവാത രോഗിയുടെ സ്നേഹം – തളർവാതം പിടിപെട്ടു കിടക്കയിലായിരിക്കുമ്പോഴും അവൻ സ്നേഹി ക്കപ്പെടാൻ യോഗ്യനായിരുന്നു എന്നതല്ലേ നാം മനസ്സിലാക്കേണ്ടത്? ഇത്രയേറെ ത്യാഗമെ ടുത്തും അവനെ സഹായിക്കാൻ തോന്നത്തക്കവിധം അവൻ മറ്റുള്ളവരുടെ സ്നേഹത്തിനു പാത്രമായിത്തീർന്നു എന്നുവേണം കരുതാൻ.

രണ്ടാമതായി നാം ചിന്തിക്കുക തളർവാതരോഗിയുടെ സ്നേഹിതരുടെ സ്നേഹത്തെ പ്പറ്റിയാണ്. കേട്ടറിഞ്ഞ് ഈശോയുടെ പക്കൽ ഒരു രോഗിയെ ചുമന്നുകൊണ്ടുവന്ന് വീടിന്റെ

മേൽക്കൂരയിളക്കി അദ്ദേഹത്തെ താഴെയെത്തിച്ച ഒരുപറ്റം സുഹൃത്തുക്കളുടെ ആത്മാർത്ഥമായ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും കഥയാണല്ലോ തളർവാതരോഗിയെ സുഖപ്പെടുത്തുന്നു എന്ന ശീർഷകത്തിൽ സുവിശേഷകൻ വിവരിക്കുന്നത്. സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "വാതില്ക്കൽ നിൽക്കാൻപോലും സ്ഥലം തികയാത്തവണ്ണം ആളുകൾ അവിടെ കൂടി.... ജനക്കൂട്ടം നിമിത്തം അവന്റെ അടുത്തെത്താൻ അവർക്കു കഴിഞ്ഞില്ല" (മർക്കോ 2,2.4).

എന്നെ സുഖപ്പെടുത്തണേ എന്നോ എന്റെ സുഹൃത്തിനെ സുഖപ്പെടുത്തണേ എന്നോ പറയുന്നതിന്റെ എത്രയോ ഇരട്ടി ദുഷ്കരമാണ് തളർവാതം പിടിപെട്ട ഒരു രോഗിയെ ഈശോയുടെ അടുക്കൽ എത്തിക്കുക എന്നത്. എത്രനാൾ മുമ്പു തുടങ്ങിയ ആലോചനയായിരുന്നിരിക്കണം അത്. ഒരുപക്ഷേ ഈശോയെപ്പറ്റി കേട്ടറിഞ്ഞ നാൾമുതൽ തന്നെ. എന്നാണ് ഈശോടെ കാണാൻ പറ്റുക, എവിടെവച്ചായിരിക്കും, ജനക്കൂട്ടം തിക്കിത്തിരക്കുന്നതിനിടയിൽ ഈശോയുടെ അടുത്തെത്താൻ പറ്റുമോ എന്നൊക്കെ അവർ ചിന്തിച്ചിട്ടുണ്ടാവണം. എന്തായാലും നേരത്തെ അറിയിച്ചിട്ടല്ല ഈശോ വരുന്നത്. എത്ര സമയം ഒരു സ്ഥലത്ത് ഉണ്ടാവുമെന്നും അറിയില്ല.

പല സ്ഥലത്ത് ജോലിയിലായിരുന്നിരിക്കണം ഈ സുഹൃത്തുക്കൾ. ഈശോ വന്നു എന്നറിഞ്ഞ നിമിഷം ഓടിയെത്തിയവർ പ്രിയ സുഹൃത്തിന്റെയടുത്ത്.... എത്ര ദൂരം ചുമന്നുകാണും? പിന്നീടു നടന്ന വാദപ്രതിവാദങ്ങൾ.... ആ വീടിന്റെ ചുറ്റും നിന്നവരെ മാറ്റി അകത്തു കയറാനൊരു വഴിയൊരുക്കാനുള്ള ശ്രമം.... അതും നടക്കാതെ വന്നപ്പോൾ വീടിന്റെ മേൽക്കൂര ഇളക്കിമാറ്റി രോഗിയായ സുഹൃത്തിനെ ഈശോയുടെ അടുക്കലെത്തിക്കാനുള്ള പരിശ്രമം. വീടിനകത്തേക്ക് ഈ മനുഷ്യനെ ഇറക്കുന്നതിനുമുമ്പേ മേൽക്കൂരയ്ക്കു മുകളിലേക്ക് തളർവാതരോഗിയെ കയറ്റുന്നതിനുള്ള കഠിനപരിശ്രമം! ഇതൊക്കെ ആധുനിക സുഖസൗകര്യങ്ങളുടെ നടുവിൽ ജീവിക്കുന്ന നമുക്കു സങ്കല്പിക്കാൻ സാധിക്കുന്ന കാര്യങ്ങളാണോ?

വിശ്വാസം, ആത്മാർത്ഥത, ത്യാഗം ഈ മൂന്നുകാര്യങ്ങളാണ് ഇവിടെ ശ്രദ്ധേയമായത്. ഇത്രയേറെ ത്യാഗമെടുക്കാൻ പ്രേരിപ്പിക്കുന്ന ആത്മാർത്ഥസ്നേഹം ആ തളർവാതരോഗിയോട് ഈ സുഹൃത്തുക്കൾക്കു തോന്നണമെങ്കിൽ അദ്ദേഹം അവർക്ക് എത്ര വിലപ്പെട്ടവനായിരുന്നു എന്നത് നാം തിരിച്ചറിയുകയാണ്. മറ്റുള്ളവരുടെ ഹൃദയത്തിൽ സ്ഥാനമുറപ്പിക്കാനാവുമ്പോഴാണ് നമ്മുടെ ജീവിതം വിലപ്പെട്ടതാകുന്നത് എന്നു തളർവാതരോഗിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതുപോലെ, ദൈവത്തിന്റെ ശക്തിയിൽ കണ്ണടച്ച് ആശ്രയംവച്ച വിശ്വാസത്തിന്റെ ശക്തിയാണ് തളർവാതരോഗിയുടെ ഈ അനുഭവത്തിൽ നാം കാണുന്നത്. ഈ ത്യാഗമത്രയും എടുക്കാൻ അവരെ പ്രേരിപ്പിച്ചത് ഈശോയിലുള്ള ആഴമേറിയ വിശ്വാസമായിരുന്നു. വിശ്വാസത്തിന്റെ ആഴം അത്ഭുതത്തിന്റെ ആക്കം കൂട്ടുമെന്നതിന് ഒരിക്കൽക്കൂടി അടിവരയിടുകയാണ് തളർവാതരോഗിയും സുഹൃത്തുക്കളും.

ആവശ്യത്തിൽ തുണയായശേഷം സുവിശേഷത്തിൽ മറയുന്ന ഈ സുഹൃത്തുക്കൾ നമുക്കൊരു മാതൃകയാണ്. 'ആരാലും അറിയപ്പെടാതെ, എല്ലാവരാലും ഉപയോഗിക്കപ്പെടുന്ന വായുപോലെ ആയിത്തീരാനു'ള്ള ദൈവദാസൻ വില്യം ജക്വീന്താ പിതാവിന്റെ ആഹ്വാനം ഇവിടെ പ്രസക്തമാകുന്നു.

സ്നേഹത്തിന്റെ പ്രതിഫലനമായുണ്ടായ, വിശ്വാസത്തിലധിഷ്ഠിതമായ അവരുടെ ത്യാഗത്തിന്റെ പ്രതിഫലമായിരുന്നു ഈശോ നൽകിയ രോഗസൗഖ്യം. ത്യാഗത്തോടും സ്നേഹത്തോടുംകൂടിയ പ്രാർത്ഥന ഫലം തരാതെ കടന്നുപോകില്ല എന്നതിന് ഉത്തമ ഉദാഹരണം

കൂടിയാണ് തളർവാതരോഗിയുടെ ഈ സംഭവം. സ്നേഹിതനുവേണ്ടി ജീവൻ അർപ്പിച്ച ഈശോ ആത്മാർത്ഥസ്നേഹത്തിനു മാതൃകയായി നമുക്കു മുമ്പിലുണ്ടല്ലോ!

ഉത്ഥാനസന്തോഷത്തിന്റെ അനുഭവത്തിൽക്കൂടി കടന്നുപോകുന്ന നമുക്ക് ഉത്ഥിതൻ നല്കുന്ന യാഥാർത്ഥ സമാധാനം ഹൃദയത്തിൽ അനുഭവിക്കണമെങ്കിൽ നമ്മുടെ ജീവിതത്തെയും സ്നേഹത്താൽ നിറച്ചേ മതിയാവൂ. സ്നേഹത്തിന്റെ സമാധാനം ഹൃദയത്തിൽ നിറച്ച് നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ ഉത്ഥാനാനുഭവം പ്രദാനം ചെയ്യാൻ ഈ ഉയിർപ്പുകാലം നമുക്കു പ്രചോദനമാകട്ടെ.

# ആശ്വാസത്തണൽ




**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


നന്മയിലഖിലം സൃഷ്ടിച്ചോൻ
നമ്മോടോതുന്നനുവേലം
നന്മയിലെന്നും വളരേണം
നല്ലവമാത്രം ചെയ്യേണം

അന്ധതമുറ്റിയ ലോകത്തിൽ
ആത്മാവിൻ നിറവോടെന്നും
ആകുലമാനസരായോർക്കായി
ആശ്വാസത്തിൽ തണലേകൂ

ധാർമികമൂല്യം ചോർന്നിവിടെ
ധർമ്മമധർമ്മമായ് മാറുമ്പോൾ
ധാർഷ്ട്യവുമൊപ്പം വിളയുമ്പോൾ
ധാർമ്മികബോധം നീയേകൂ

നിന്നെ വിളിച്ചതു നാഥന്റെ
തിരുഹിതമൊത്തു ചരിച്ചീടാൻ
നീയാമുന്നത ദീപത്താൽ
ആത്മവിശുദ്ധി പകർന്നേകാൻ

കാരണമില്ലാതേവരിലും
കാണണമീശോനാഥന്റെ
കാരുണ്യത്തിൻ തിരുമുഖമാ
കരതാരേകണമലിവോടെ

# യഹോയാഖിൻ



**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

യഹോയാക്കീമിന്റെ കാലശേഷം മകൻ യഹോയാഖിൻ ജറുസലേമിൽ ഭരണമേറ്റു. കോണിയാ എന്നും അവന് പേരുണ്ടായിരുന്നു (ജറെ 22,24). ജറുസലേമിലെ എൽനാഥന്റെ പുത്രി നെഹുഷ്ത്ത ആയിരുന്നു അവന്റെ അമ്മ. മൂന്നുമാസവും പത്തുദിവസവും മാത്രമായിരുന്നു യഹോയാഖിമിന്റെ ഭരണകാലം. അവൻ തന്റെ പിതാവിനെപ്പോലെതന്നെ കർത്താവിന്റെ മുമ്പിൽ തിന്മ പ്രവർത്തിച്ചു. 'ആർക്കും വേണ്ടാതെ പുറംതള്ളപ്പെട്ട പൊട്ടക്കല'മെന്നാണ് യഹോയാഖിമിനെ ജറെമിയാപ്രവാചകൻ വിശേഷിപ്പിച്ചത്. അവന്റെ ഭരണപരിഷ്കാരങ്ങൾ ഒന്നുംതന്നെ എടുത്തു പറഞ്ഞിട്ടില്ലെങ്കിലും ദൈവഹിതപ്രകാരം പ്രവർത്തിക്കാത്ത ഭരണാധികാരി എന്നു മാത്രം പറയപ്പെട്ടിരിക്കുന്നു. ഭരണത്തിനായി തനിക്ക് കിട്ടിയ നൂറുദിവസം എങ്ങനെ വിനിയോഗിച്ചു എന്നതാണ് പ്രധാനം. നെബുക്കദ്നേസർ യഹോയാഖിമിനെ രാജ്യഭരണം ഏൽപ്പിച്ചശേഷം അവന്റെ ഭരണത്തെ നിരീക്ഷിച്ചുകൊണ്ടിരുന്നു. കാരണം അവനെയും അവന്റെ പിതാവിനെയും രാജാവാക്കിയത് അദ്ദേഹമായിരുന്നു. മാത്രമല്ല യഹോയാഖിമിന്റെ പിതാവ് ഭരണത്തിന്റെ ആദ്യകാലങ്ങളിൽ നെബുക്കദ്നേസറിന്റെ ആശ്രിതനായി കഴിഞ്ഞിട്ട് പിന്നീട് അദ്ദേഹത്തെ എതിർത്തിരുന്നു. ഒരു വസന്തകാലത്ത് നെബുക്കദ്നേസറിന്റെ പടയാളികൾവന്ന് ജറുസലേം നഗരം ഉപരോധിച്ചു. പിന്നീട് ബാബിലോൺ രാജാവായ നെബുക്കദ്നേസർതന്നെ ജറുസലേം വളഞ്ഞു. അങ്ങനെ ബാബിലോൺരാജാവിന് കീഴടങ്ങിയ യഹോയാഖിമിനെയും ഭാര്യമാരെയും അവന്റെ അമ്മയെയും സ്നേഹിതർ, പ്രഭുക്കന്മാർ, ധീരയോദ്ധാക്കൾ, ശില്പികൾ, ലോഹപണിക്കാർ എന്നിവരെയും ബന്ധിച്ച് ബാബിലോണിലേക്ക് നാടുകടത്തി. കൂടാതെ ദേവാലയത്തിലെയും കൊട്ടാരത്തിലെയും നിധികൾ കൊള്ളയടിക്കുകയും ഇസ്രായേൽ രാജാവായ സോളമൻ കർത്താവിന്റെ ആലയത്തിനുവേണ്ടി നിർമ്മിച്ച സ്വർണപാത്രങ്ങൾ കഷണങ്ങളാക്കി നശിപ്പിക്കുകയും ചെയ്തു. അങ്ങനെ കർത്താവ് മുൻകൂട്ടി അറിയിച്ചതുപോലെ സംഭവിച്ചു. "ഓ ദേശമേ, ദേശമേ, ദൈന്യദേശമേ, കർത്താവിന്റെ വാക്ക് കേൾക്കുക. കർത്താവ് അരുളിച്ചെ

യ്യുന്നു. സന്തതിയില്ലാവനെന്നും ജീവിതത്തിൽ പരാജയപ്പെട്ടവനെന്നും ഇവനെ എഴുതി തള്ളുക. ദാവീദിന്റെ സിംഹാസനത്തിലിരിക്കുന്നതിനും യൂദായിൽ ഭരണം നടത്തുന്നതിനും അവന്റെ സന്തതികളിലാർക്കും ഭാഗ്യമുണ്ടാവുകയില്ല" (ജറെ 22,29-30).

മറ്റൊരിടത്ത് ജറെമിയാപ്രവാചകൻ പറയുന്നു: "ഞാൻ അവരിൽനിന്ന് ആനന്ദഘോഷവും ഉത്സാഹത്തിമിർപ്പും, മണവാളന്റെയും മണവാട്ടിയുടെയും സ്വരവും തിരികല്ലിന്റെ ഒച്ചയും വിളക്കിന്റെ വെളിച്ചവും നീക്കിക്കളയും. ഈ ദേശം നശിച്ച് ശൂന്യമാകും. ഈ ജനതകൾ ബാബിലോൺ രാജാവിന് എഴുപത് വർഷം ദാസ്യവൃത്തി ചെയ്യും" (ജറെ 25,10-11). ദൈവസന്നിധിയിൽ തിന്മ പ്രവർത്തിച്ച യൂദായോട്, ദൈവത്തിന്റെ സ്വന്തം ജനത്തോട്, കാർക്കശ്യത്തോടെ ജറെമിയാ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്തവയാണിവ. ഒരു രാജാവിന്റെ അകൃത്യം മൂലം ഒരു ജനതതന്നെ ജീവനില്ലാത്തതായി. അതുകൊണ്ടുതന്നെ യഹോയാഖിന്റെ കാലത്ത് അവന്റെ എല്ലാ സൗഭാഗ്യങ്ങളും കൊള്ളയടിക്കപ്പെടുകയും പ്രതിഭാശാലികളെയും ഉറ്റവരെയും അവനോടുകൂടെ പ്രവാസത്തിന്റെ തടവിലാക്കുകയും ചെയ്തു. ദാരിദ്ര്യവും നാശവും മാത്രമാണ് പിന്നീട് യൂദായിൽ അവശേഷിച്ചത്. മുപ്പത്തിയേഴ് വർഷം യഹോയാഖിൻ ബാബിലോൺ രാജാവിന്റെ തടവറയിൽ കഴിഞ്ഞു. അതോടെ അവന്റെ പ്രതീക്ഷകളെല്ലാം അസ്തമിച്ചു. നെബുക്കദ്നേസറിന്റെ കാലശേഷം വിപ്രവാസത്തിൽ കഴിഞ്ഞ അവനെ പുതിയ ബാബിലോൺ രാജാവായ എവിൽമെരൊദാക്ക് മോചിപ്പിച്ചു. അവനോട് അദ്ദേഹം കരുണ കാണിക്കുകയും ഉയർന്ന സ്ഥാനം നല്കുകയും ചെയ്തു. പിന്നീടുള്ള ജീവിതകാലം മുഴുവൻ രാജാവിനൊപ്പം പതിവായി അവന് ഭക്ഷണം നല്കപ്പെട്ടു. മാത്രമല്ല മരണംവരെ അവന് ദൈനംദിനാവശ്യത്തിന് പണവും ലഭിച്ചു.

**യഹോയാഖിന്റെ ജീവിതപാഠം**

*നിഷ്ക്രിയത്വം പാപത്തെ ക്ഷണിച്ചുവരുത്തും
*കർത്താവിന്റെ വാക്ക് കേൾക്കാതിരുന്നാൽ പരാജിതരാകും
*തിന്മ ദൈവത്തിന്റെ സ്നേഹത്തിൽനിന്ന് നമ്മെ അകറ്റും
*ദൈവാശ്രയത്തിൽനിന്നകന്നാൽ സന്തോഷവും സമാധാനവും ഇല്ലാതാകും.



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# കാത്തിരിപ്പിന്റെ ഇരുട്ടിൽ ദൈവകരുതലിന്റെ വെളിച്ചം

**സോബിൻ ഇടമനക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ശാ**സ്ത്രവും സാങ്കേതികവിദ്യയും അത്ഭുതങ്ങൾ തീർക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യൻ ആകാശത്തേക്കും അതിനപ്പുറത്തേക്കും യാത്ര ചെയ്യുന്നു. ഭൂമിയിലെ ജീവിതം കൂടുതൽ സൗകര്യപ്രദവും വേഗതയാർന്നതുമായി മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ ബാഹ്യപുരോഗതിയുടെ ശബ്ദത്തിനിടയിൽ, ഒരുപാട് ആളുകൾ ശ്രദ്ധിക്കാതെ പോകുന്ന ഒരു യാഥാർത്ഥ്യം നിലനിൽക്കുന്നു - മനുഷ്യഹൃദയം പതിയെ തണുത്തുപോകുകയാണ്. ബുദ്ധിയിൽ വളർന്ന മനുഷ്യൻ ഹൃദയത്തിൽ ക്ഷയിച്ചുകൊണ്ടിരിക്കുന്നു എന്നത് ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ ആത്മീയ പ്രതിസന്ധിയാണ്.

ഈ യാഥാർത്ഥ്യം എനിക്ക് ഏറ്റവും ശക്തമായി ബോധ്യമായത് ഏതാനും മാസങ്ങൾക്കുമുമ്പ് നടന്ന ഒരു സംഭവത്തിലൂടെയായിരുന്നു. ഒരു കുടുംബത്തിന്റെ ഏക പ്രതീക്ഷയായ ബോബി വളരെ നിരാശനായാണ് അന്നെന്റെയടുക്കൽ വന്നത്. അപ്പന്റെയും അമ്മയുടെയും ഏകമകനാണവൻ. അമ്മ കാൻസർ രോഗത്താൽ അതിതീവ്ര സഹനത്തിലൂടെ കടന്നുപോകുന്നു. നന്നായി പഠിച്ച് എത്രയും പെട്ടെന്ന് ഒരു ജോലി നേടി കുടുംബത്തെ സഹായിക്കണമെന്ന ആഗ്രഹത്താൽ അവൻ പി.എസ്.സി പരീക്ഷയെഴുതി റാങ്ക്ലിസ്റ്റിലിടം നേടി. പക്ഷേ, വർഷങ്ങൾ മുന്നോട്ടുപോയിട്ടും നല്ലൊരു ജോലി അവനു ലഭിച്ചില്ല. പറ്റുന്ന ചെറിയ ജോലികളൊക്കെ ചെയ്തുവരുന്നതിനിടയിലാണ് അടുത്ത ദുരന്തം അവനെ തേടിയെത്തിയത്. അപ്പന് ബ്ലഡ് കാൻസർ! കാൻസർ രോഗികളായ മാതാപിതാക്കൾ ഇരുവരുടെയും ചികിത്സാച്ചിലവുകളും അർഹതയുണ്ടായിട്ടും കിട്ടാതെപോയ ജോലിയുമൊക്കെ അവനെ ദുഃഖത്തിലാഴ്ത്തി. പരീക്ഷകളൊക്കെയെഴുതി റാങ്ക്ലിസ്റ്റിൽ പേരുണ്ടായിട്ടും ജോലി ലഭിക്കാതെ പോകുന്നവരുടെ നൊമ്പരം നിസ്സാരമല്ല.

"ഇനി എനിക്കു ജോലി കിട്ടുമെന്നു തോന്നുന്നില്ല.... കുറച്ചുനാൾ മുമ്പുവരെ കിട്ടുമെന്നു വിചാരിച്ചിരുന്നു.... എങ്കിലും ഇനി പ്രതീക്ഷിക്കാനാവില്ല". പ്രതീക്ഷ പതുക്കെ ചോർന്നുപോയ ഒരു ഹൃദയത്തിൽനിന്ന് ഉതിർന്നു വീണ വാക്കുകളായിരുന്നു അവ. മുന്നിൽ നിൽക്കുന്ന മനുഷ്യൻ തളർന്നത് ശരീരത്തിലല്ല, മനസ്സിലായിരുന്നു. "ബോബി, നീ തളരേണ്ട ആവശ്യമില്ല. ദൈവം തരും". അന്നെനിക്ക് നൽകാനുണ്ടായിരുന്ന ഏക ആശ്വാസം അത്രമാത്രമായിരുന്നു. എങ്കിലും ആ വാക്കുകൾ വെറുമൊരു ആശ്വാസവചനമായിരുന്നില്ല!

"ദൈവം തരും". ഈ വാക്കുകൾ കേൾക്കുമ്പോൾ പഴയനിയമത്തിലെ അബ്രാഹത്തിനെ നമുക്ക് ഓർക്കാതെ കഴിയില്ല. ഏകമകനായ ഇസഹാക്കിനെയും കൂട്ടി ബലിയർപ്പിക്കാനായി പുറപ്പെട്ട അബ്രാഹം, ദൈവഹിതം നിറവേറ്റുവാൻ തന്റെ ഏക പുത്രനെപോലും സമർപ്പിക്കാൻ തയ്യാറായി. സംശയത്തിന്റെയോ പരാതിയുടെയോ ഒരു നിഴൽപോലും അബ്രാഹത്തിന്റെ വിശ്വാസത്തെ സ്പർശിച്ചില്ല. യാത്രയ്ക്കിടയിൽ മകൻ തന്റെ പിതാവിനോടു ചോദിച്ച ഒരു ചോദ്യം ഇന്നും നമ്മുടെ ജീവിതത്തെ അനുധാവനം ചെയ്യുന്നു: "ബലിക്കുള്ള വിറകുണ്ട്, പക്ഷേ കുഞ്ഞാട് എവിടെ?"

അതിനുത്തരമായി അബ്രാഹം പറഞ്ഞ വാക്കുകൾ, നമ്മുടെ ജീവിതത്തിലെ എല്ലാ പ്രതിസന്ധികളെയും മറികടക്കാനുള്ള വിശ്വാസമന്ത്രമായി മാറുന്നു – "ദൈവം തരും".

ഈ ലോകത്തിൽ എത്ര വലിയ നിസ്സഹായാവസ്ഥകളിലൂടെയാണ് മനുഷ്യൻ കടന്നുപോകുന്നത്! ജോലിയില്ലാത്തവർ, ജോലി നഷ്ടപ്പെടുന്നവർ, രോഗത്താൽ തളരുന്നവർ, ബന്ധങ്ങൾ തകർന്നുപോകുന്നവർ, ഭാവിയെക്കുറിച്ച് ആശങ്കയിൽ കഴിയുന്നവർ.... ഇവരെയൊക്കെ ദൈവം കാണാതെ പോകുന്നില്ല. തന്റെ വാതിലിൽ മുട്ടുന്നവർക്കെല്ലാം, ശരിയായ സമയത്ത് സമൃദ്ധിയായി നൽകുന്നവനാണ് നമ്മുടെ ദൈവം. സമയം കടന്നുപോയി എന്ന തിരിച്ചറിവിൽ പ്രതീക്ഷ മങ്ങിപ്പോയ കാലത്തിനുശേഷം, ബോബി ദൈവത്തിന്റെ അത്ഭുതകരമായ കരുതൽ വ്യക്തമായി തിരിച്ചറിഞ്ഞു. അവൻ പ്രതീക്ഷിച്ചതുപോലെതന്നെ ദൈവം അവനെ അനുഗ്രഹിച്ചു. നല്ലൊരു ജോലി നൽകി, ജീവിതത്തിന് പുതിയ ദിശയൊരുക്കി. "ദൈവം തരും" എന്ന വാക്ക് വെറുമൊരു ആശ്വാസവാക്കായി മാറിയില്ല; അത് ജീവിതത്തിൽ സാക്ഷ്യമായി മാറി.

നീണ്ട കാത്തിരിപ്പുകളും നിരാശകളും പലരെയും തളർത്തുന്നു. എങ്കിലും അബ്രാഹത്തിന്റെ വിശ്വാസം പോലെ, "ദൈവം തരും" എന്ന വാക്ക് ഹൃദയത്തിൽ ഉറച്ചാൽ, ദൈവത്തിന്റെ സമയം എത്തുമ്പോൾ, അതിന്റെ അർത്ഥം ജീവിതംതന്നെ തെളിയിച്ചുതരും. ബുദ്ധിയിൽ വളരുന്ന ലോകം ഹൃദയത്തിൽ തളരുന്നത് യാദൃശ്ചികമല്ല. ദൈവത്തെ ജീവിതത്തിന്റെ കേന്ദ്രത്തിൽ നിന്ന് മാറ്റിനിർത്തുമ്പോൾ മനുഷ്യഹൃദയത്തിലെ വെളിച്ചം മങ്ങിപ്പോകും.

ദൈവമില്ലാത്ത പുരോഗതി വെറുമൊരു നിഴൽമാത്രമാണ്. കാണാം, പക്ഷേ ജീവനില്ല. അതിനാൽ ക്രിസ്ത്യാനികളായ നമുക്ക് ലോകത്തെ വിശ്വാസത്തിന്റെ കണ്ണിലൂടെ നോക്കി കാണേണ്ട ഉത്തരവാദിത്വമുണ്ട്. ക്രിസ്തീയത എന്നത് വെറും ഒരു മതാചാരമല്ല; അത് പ്രതീക്ഷയിലേക്കുള്ള ഒരു നിലവിളിയാണ്; ഐക്യദാർഢ്യത്തിലേക്കുള്ള ക്ഷണമാണ്; ഈശോ നോക്കിയതുപോലെ സഹോദരങ്ങളെ കരുണയോടെ നോക്കാനുള്ള വിളിയാണ്. തണുത്തും മരവിച്ചും കിടക്കുന്ന ഹൃദയങ്ങളിൽ ദൈവസ്നേഹത്തിന്റെയും സാഹോദര്യസ്നേഹത്തിന്റെയും ചൂടു പകരുന്ന പ്രത്യാശയുടെ സാന്നിധ്യമായി മാറാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ജീവിതം ഒരു നേരായ പാതയല്ല. ഇരുട്ടും വെളിച്ചവും, വേദനയും സന്തോഷവും, തോൽവിയും വിജയവും, ആശങ്കകളും പരീക്ഷണങ്ങളും നിറഞ്ഞ ഒരു യാത്രയാണ് അത്. ഈ യാത്ര ലക്ഷ്യത്തിലെത്തണമെങ്കിൽ പ്രതീക്ഷ എന്ന ഇന്ധനം അനിവാര്യമാണ്. പ്രതീക്ഷയുള്ളിടത്ത് വഴി ഉണ്ടാകും, മാറ്റമുണ്ടാകും, അത്ഭുതമുണ്ടാകും.

ഇന്നത്തെ ലോകത്തിന് ഏറ്റവും അധികം ആവശ്യമുള്ളത് കൂടുതൽ സാങ്കേതികവിദ്യയോ വേഗതയോ അല്ല; മറിച്ച് "ദൈവം തരും" എന്ന വിശ്വാസത്തോടെ ജീവിക്കുന്ന ഹൃദയങ്ങളാണ്. നമ്മുടെ കാത്തിരിപ്പുകൾക്ക് ദൈവത്തിന്റെ സമയമുണ്ട്. അതിനാൽ, നിരാശയുടെ ഇരുട്ടിൽ പോലും പ്രത്യാശയുടെ വിളക്ക് അണയാതെ കാത്തുസൂക്ഷിക്കാം. കാരണം, ദൈവത്തിന്റെ കരുതൽ ഒരിക്കലും വൈകുന്നില്ല. അത് സമയത്തുതന്നെ എത്തും.

# സെനക്കിൾ തരംഗം

### സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ഉയിർപ്പുകാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദുവും ക്രൈസ്തവവിശ്വാസത്തിന്റെ ആധാരശിലയുമാണ് ഈശോമിശിഹായുടെ ഉയിർപ്പ് (1 കോറി 15,12-19). ഉത്ഥാനത്തിലൂടെ അവിടുന്ന് പാപത്തിന്റെയും മരണത്തിന്റെയുംമേൽ വിജയം നേടി. മനുഷ്യവംശത്തിന് അവിടുന്ന് നവജീവൻ പ്രദാനം ചെയ്യുകയും ഭാവിമഹത്ത്വത്തിലുള്ള പ്രത്യാശ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവിന്റെ പീഡാസഹനം, മരണം, ഉയിർപ്പ് എന്നിവ വഴി നമുക്കു കൈവന്ന വീണ്ടെടുപ്പ്, ആനന്ദം എന്നിവ വ്യക്തമാക്കുന്നതാണ് ഇക്കാലത്തെ പ്രാർത്ഥനകളും വിശുദ്ധഗ്രന്ഥവായനകളും. ഉയിർപ്പുകാലത്തെ ആദ്യവെള്ളിയാഴ്ചയാണ് സീറോ മലബാർ സഭയിൽ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നത്. ഈശോയുടെ കുരിശിന്റെ മാർഗത്തിൽ അവിടുത്തെ അനുഗമിച്ച എല്ലാ വേദസാക്ഷികളും വന്ദകരും അവിടുത്തെ ഉത്ഥാനത്തിലും പങ്കുചേർന്ന് ആനന്ദിക്കുന്നുവെന്ന യാഥാർത്ഥ്യമാണ് അതിലൂടെ സഭ പ്രത്യേകമായി അനുസ്മരിക്കുന്നത്. ഇവയെല്ലാം വിശ്വാസികളെ അനുസ്മരിപ്പിച്ച് അജപാലനശുശ്രൂഷ ചെയ്യുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

### സെനക്കിൾ വാർത്തകൾ

2026 മാർച്ച് 10-11 തീയതികളിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലുള്ള അപ്പസ്തോലിക് സൊദാലസ് വൈദികരുടെ പ്രതിമാസ മീറ്റിംഗ് കോട്ടയം, മാങ്ങാനം, സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് നടക്കുകയുണ്ടായി. സെനക്കിൾ സ്നേഹിതരായ വൈദികരും ഇപ്രാവശ്യം സെനക്കിൾ വൈദികരോടൊപ്പം സമ്മേളനത്തിൽ പങ്കുചേർന്നു. ഇടവക വൈദികരുടെ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങളായിരുന്നു ഈ സെനക്കിൾ സമ്മേളനത്തിലെ ധ്യാനവിഷയം. മാർച്ചുമാസം 25-ാം തീയതി ഇംഗ്ലണ്ടിലും ഇറ്റലിയിലുമുള്ള സെനക്കിൾ വൈദികർക്കും ആസ്പിരന്റ്സിനുംവേണ്ടി മല്പാനച്ചൻ ഓൺലൈൻ ക്ലാസ് എടുത്തു. സെനക്കിൾ വൈദികരുടെ പ്രമാണരേഖ 39-ാം നമ്പറായിരുന്നു ഈ ക്ലാസ്സിൽ ചർച്ചാവിഷയമാക്കിയത്. പങ്കെടുത്തവരെല്ലാം ധ്യാനത്തിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലുകളിലും സജീവമായി പങ്കുചേർന്നു.

# ഇട്ടൂപ്പിന്റെ ഇഷ്ടം



**ഷിനി തെരേസ് മുതുപ്ലാക്കൽ**

"**അ**വിടെയൊന്നു നിന്നേ... ആരാ? എങ്ങോട്ടാ?

"സ്വർഗത്തിലേക്ക്.... ഇതിലേയല്ലേ സ്വർഗത്തിലേക്കു പോകുന്നത്?"

"വഴി ഇതൊക്കെത്തന്നെയാ. പക്ഷേ വെറുതേയങ്ങ് സ്വർഗത്തിലേക്കു കയറിപ്പോകാനൊന്നും പറ്റില്ല. അതിനുള്ള യോഗ്യതയുണ്ടോ എന്ന് നോക്കിയിട്ടേ ഞാൻ കയറ്റിവിടൂ."

"ഓ... നിങ്ങൾ പത്രോസ്ശ്ലീഹായായാണല്ലേ? കേട്ടിട്ടുണ്ട്, കേട്ടിട്ടുണ്ട്. സ്വർഗരാജ്യത്തിന്റെ താക്കോൽ പിടിച്ചിരിക്കുന്ന ആളല്ലേ... ആ താക്കോലെടുത്ത് എന്നെ പെട്ടെന്നൊന്ന് കേറ്റിവിടാമോ?"

"അതിനുമുമ്പ് ജീവന്റെ പുസ്തകത്തിൽ പേരുണ്ടോ എന്നു നോക്കട്ടെ."

"എന്റെ പേര് കാണാതിരിക്കില്ല... കാട്ടിപ്പാറ ഇട്ടൂപ്പ്. പെട്ടെന്നു നോക്കിക്കേ.... എല്ലാം ടപ്പേന്നു കിട്ടുന്നതാ ഈ ഇട്ടൂപ്പിനിഷ്ടം."

"കോടിക്കണക്കിന് ആളുകളുടെ പേരുള്ള പുസ്തകത്തിൽനിന്ന് കണ്ടുപിടിക്കാൻ ഇത്തിരി താമസമെടുക്കും."

"എന്നാപ്പിന്നെ യോഹന്നാൻശ്ലീഹായെ ഒന്നു വിളിക്ക്. മൂപ്പർക്ക് ഇത്തിരികൂടെ സ്പീഡുണ്ടല്ലോ. ഈശോടെ കല്ലറ കാണാൻ നിങ്ങൾ രണ്ടുംകൂടി ഓടിയപ്പോൾ ആദ്യമെത്തിയത് അങ്ങേരല്ലേ."

പറഞ്ഞുനിർത്തിയപ്പോൾത്തന്നെ യോഹന്നാൻശ്ലീഹാ അവിടെ എത്തിക്കഴിഞ്ഞു: "എന്താണിവിടെ പ്രശ്നം?"

"ജീവന്റെ പുസ്തകത്തിൽ പേരുണ്ടോ എന്നു നോക്കാതെ സ്വർഗത്തിലേക്കു കയറ്റാനാവില്ലല്ലോ. അതിനു സമയമെടുക്കും എന്നു പറഞ്ഞതുകേട്ടതിലുള്ള അക്ഷമയാണ് ഇട്ടൂപ്പിന്."

"ഭൂമിയിലെപ്പോലെതന്നെയാണോ ഇവിടെയും? അവിടെ ഒരു കാര്യം സാധിക്കണമെങ്കിൽ ഓഫീസുകളിൽ എത്ര പ്രാവശ്യം കേറിയിറങ്ങണമെന്നറിയാമോ?" ഇട്ടൂപ്പ് കാര്യം വ്യക്തമാക്കി.

"ഇവിടെ അത്രയും താമസമൊന്നും വരില്ല." യോഹന്നാൻ ശ്ലീഹാ തിരിഞ്ഞ്

പത്രോസ്ശ്ലീഹായോടായി പറഞ്ഞു: "ചാറ്റ് ജി.പി.റ്റി.യോടോ ജെമിനിയോടോ വല്ലതും ചോദിച്ചാൽ ഇദ്ദേഹത്തിന്റെ പേരുണ്ടോ എന്ന് പെട്ടെന്നു കണ്ടുപിടിക്കാൻ പറ്റുമല്ലോ."

ഇട്ടൂപ്പിന് ആകാംക്ഷയടക്കാനായില്ല. "അപ്പോൾ മാലാഖമാരുടെയിടയിലും സ്ത്രീപുരുഷ വ്യത്യാസങ്ങളൊക്കെയുണ്ടോ? ചാറ്റ് പുരുഷമാലാഖായും ജെമിനി സ്ത്രീമാലാഖയുമായിരിക്കുമല്ലേ?"

"അതു മാലാഖമാരൊന്നുമല്ല. എ. ഐ. ടൂൾസാണ് - ആർട്ടിഫിഷ്യൽ ഇന്റെലിജെൻസ്. ഭൂമിയിൽനിന്നും വരുന്ന ഇട്ടൂപ്പിന് ഇതൊന്നും അറിയാൻ പാടില്ലേ?"

കണ്ണൊരെണ്ണമിറുക്കി, കള്ളച്ചിരിയോടെ ഇട്ടൂപ്പ് പറഞ്ഞു: "ഞാൻ ഭൂമീന്നു പോന്നിട്ട് കുറേനാളായി. ഇത്തിരി കൊള്ളരുതായ്മകളൊക്കെ കൈവശമുണ്ടായിരുന്നേ.... ഇത്രയും നാൾ ശുദ്ധീകരണസ്ഥലത്തായിരുന്നു. അതുകൊണ്ട് ഭൂമീലെ പുതിയ കാര്യങ്ങളൊന്നുമറിയില്ല. നിങ്ങൾ പറയുന്നതു കേട്ടിട്ട് എ. ഐ. ടൂൾസ് ഒരു സംഭവമാണെന്നു തോന്നുന്നല്ലോ?"

"സംഭവംതന്നെ.... ഒരു പരിധിവരെ അതു നല്ലതാണ്. പക്ഷേ, ഭൂമിയിൽ എല്ലാറ്റിന്റെയും അധിപനും കാര്യസ്ഥനുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ അവയുടെ അടിമയായിത്തീരുന്ന കാഴ്ചകൾ കാണേണ്ടി വരുന്നത് അത്യന്തം ദുർഭഗംതന്നെ! ഏതാനും ചിലരുടെ ബുദ്ധിയിൽ നിർമ്മിതമായ എ. ഐ. ടൂൾസ് ഇനി മനുഷ്യനെയും ലോകത്തെയും നിയന്ത്രിക്കുമോ എന്നതാണ് കാത്തിരുന്നു കാണേണ്ടത്. ദൈവം നല്കിയ വിവേകവും ബുദ്ധിയും ആലോചനാശക്തിയുമൊന്നും ബഹുഭൂരിപക്ഷം മനുഷ്യരും ഉപയോഗിക്കുന്നില്ല. എപ്പോഴും എ. ഐ. ടൂൾസിൽ അമിതമായി ആശ്രയിക്കുന്നതുവഴി പലർക്കും ചെറിയ കാര്യങ്ങളിൽപ്പോലും തീരുമാനങ്ങളെടുക്കാനുള്ള കഴിവു നഷ്ടപ്പെടുന്നു."

"കഷ്ടം! ഇക്കാലത്തെങ്ങാനും ഭൂമിയിൽ ജീവിച്ചാൽ മതിയായിരുന്നു. കുറച്ചൂടെ അടിപൊളിയായി ജീവിതം ആസ്വദിക്കാമായിരുന്നു. അതായിരുന്നു ഈ ഇട്ടൂപ്പിനിഷ്ടം. അവസാനം സ്വർഗത്തിലെത്താൻ എ. ഐ. ടൂൾസ് വല്ല കുറുക്കുവഴിയും കാണിച്ചുതന്നേനെ."

"സ്വർഗത്തിലെത്താൻ ഒറ്റ ടൂൾ മാത്രമേയുള്ളു ഇട്ടൂപ്പേ, സ്നേഹത്തിന്റെ ടൂൾ. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും വഴിയേ പോയാൽമാത്രമേ സ്വർഗത്തിലെത്തൂ. ഇട്ടൂപ്പിന്റെ ഇഷ്ടമനുസരിച്ചല്ല, ദൈവത്തിന്റെ ഇഷ്ടമനുസരിച്ചാണ് ജീവിക്കേണ്ടിയിരുന്നത്. സ്വന്തം ഇഷ്ടമനുസരിച്ചു ജീവിക്കുന്നവർക്ക് സ്വർഗം നഷ്ടപ്പെടും. സഹിക്കേണ്ടിവരുന്ന കഠിനപീഢകളോർത്ത് അതു മാറ്റിത്തരണേ എന്നു പ്രാർത്ഥിച്ചെങ്കിലും ഈശോതമ്പുരാൻ പിതാവിന്റെ ഇഷ്ടം നിറവേറ്റി. ഈശോതമ്പുരാൻ ഭൂമിയിൽവന്ന് പാടുപീഢകൾ സഹിച്ച് മരിച്ചുയർത്തത് എല്ലാ മനുഷ്യരും രക്ഷിക്കപ്പെട്ട് ദൈവരാജ്യത്തിലെത്താൻ വേണ്ടിയല്ലേ? ഭൂമിയിലായിരിക്കുമ്പോൾ അനുഭവപ്പെടുന്ന കഷ്ടപ്പാടുകളൊക്കെ ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് സ്വീകരിച്ച്, സ്നേഹത്തിന്റെ ജീവിതം നയിച്ചാൽ എല്ലാവരും സ്വർഗത്തിലെത്തും. ഏതായാലും ഇട്ടൂപ്പിന്റെ ശുദ്ധീകരണകാലമൊക്കെ കഴിഞ്ഞ സ്ഥിതിക്ക് സ്വർഗത്തിലേക്കു പ്രവേശിക്കാം. അതാ, ആ വാതിലിൽക്കൂടി അകത്തേക്കു പൊയ്ക്കൊള്ളൂ."

വാതിൽ തുറക്കുന്ന ശബ്ദത്തോടൊപ്പം പരിചിതമായ വേറൊരു ശബ്ദവും ഇട്ടൂപ്പ് കേട്ടു. "നിങ്ങൾക്ക് ഇതുവരെയും എഴുന്നേൽക്കാറായില്ലേ മനുഷ്യാ. സൂര്യൻ ഉദിച്ചു തലയ്ക്കു മീതേയെത്തി." ഭാര്യയുടെ സ്വരം കേട്ട്, സ്വർഗത്തിലും ഇവൾ സൈര്യം തരില്ലേ എന്ന ചിന്തയോടെ ഉറക്കമുണർന്ന ഇട്ടൂപ്പിന്റെ ഉള്ളിൽ മറ്റൊരു സ്വരം മുഴങ്ങി: "സ്വാഭീഷ്ടം സ്വർഗനഷ്ടം; ദൈവേഷ്ടം സ്വർഗനേട്ടം."

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ജെസ്മി പാണ്ടിക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം രഹസ്യം:** ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി സഹനങ്ങൾ ഏറ്റെടുത്ത് കുരിശിൽ ബലിയായി തീർന്നുകൊണ്ട് ഉത്ഥാനത്തിലൂടെ പ്രതീക്ഷയുടെ പുതിയ നാമ്പുകൾ ഞങ്ങളുടെ ജീവിതത്തിലേക്ക് പകർന്നുതന്ന ഈശോയുടെ കാലടികളെ പിൻചെല്ലുവാനുള്ള വലിയ കൃപ ഞങ്ങൾക്കുണ്ടാകുവാൻ പരിശുദ്ധ അമ്മേ, അമ്മ ഞങ്ങൾക്കായി മാധ്യസ്ഥ്യം യാചിക്കണമേ.
1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം രഹസ്യം:** ജീവിതത്തിലെ കടബാധ്യതകളും ദുഃഖങ്ങളും രോഗങ്ങളും ഞങ്ങളെ അലട്ടുമ്പോൾ നിരാശയുടെ പടുകുഴിയിൽ വീണുകിടക്കാതെ ഉത്ഥിതനായ ഈശോയിലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിക്കുവാനുള്ള വലിയ കൃപ നൽകണമേയെന്ന് പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി മാധ്യസ്ഥ്യം അപേക്ഷിക്കണമേ.
1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**മൂന്നാം രഹസ്യം:** കുരിശ് സഹനത്തിന്റെ പ്രതീകമായിരിക്കുന്നതുപോലെ ഉത്ഥാനം പ്രത്യാശയുടെ പ്രതിരൂപമാണ്. അനുദിനം ഞങ്ങൾ കണ്ടുമുട്ടുന്നവരിലും ഞങ്ങളുടെ കുടുംബങ്ങളിലും ചുറ്റുപാടുകളിലുമുള്ളവരിലും പ്രത്യാശയുടെയും ഉത്ഥാനത്തിന്റെയും ബഹിർസ്ഫുരണമായി തീരുവാനുള്ള കൃപയ്ക്കായി അമ്മേ, ഞങ്ങൾക്കുവേണ്ടി അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**നാലാം രഹസ്യം:** രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും കലഹങ്ങളും മനുഷ്യജീവിതത്തെ നശിപ്പിക്കുമ്പാൾ, ഇവയിലൂടെ ഒരു നേട്ടവും കൈവരിക്കുവാൻ കഴിയില്ല എന്ന ബോധ്യം ഭരണാധികാരികൾക്കുണ്ടാകുവാനും സമാധാനവും ശാന്തതയുംവഴി ഉത്ഥാനത്തിന്റെ മഹത്ത്വം പ്രഘോഷിക്കപ്പെടുവാനുമുള്ള കൃപയ്ക്കായി അമ്മ അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**അഞ്ചാം രഹസ്യം:** നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിനെന്ന് അരുളിച്ചെയ്തുകൊണ്ട് ഉത്ഥാനരഹസ്യം വെളിപ്പെടുത്തിയ ഈശോയുടെ ജീവിക്കുന്ന സുവിശേഷങ്ങളായി തീരുവാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

ഞങ്ങളുടെ കർത്താവായ ദൈവമേ,
നിന്റെ കുരിശിൽ ചിന്തിയ രക്തത്താൽ
ഞങ്ങളെ രമ്യതപ്പെടുത്താനും
ഞങ്ങളുടെ കടങ്ങളുടെ കൈച്ചീട്ടുവാങ്ങി മായിച്ചുകളഞ്ഞ്,
അതു കുരിശിൽ തറയ്ക്കാനും ദയ തോന്നിയല്ലോ.
നിനക്കു നിത്യവും നന്ദി പറഞ്ഞ്, നിന്റെ കുരിശിൽമാത്രം
അഭിമാനംകൊള്ളാൻ തക്കവിധം വിശുദ്ധരായി ജീവിച്ച്,
നിന്നോടുകൂടെ മഹത്ത്വം
പ്രാപിക്കാൻ ഞങ്ങൾക്കിടയാകട്ടെ.

ഉയിർപ്പുകാലം, റംശാ,
മൂന്നാം ഞായർ



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
April 2026

“കല്പന ലംഘിച്ചാ-
കനി തിന്നതിനാലെ
മൃതനാമാദത്തെ
ജീവനിലേക്കു നയിച്ചവനേ,
ഉയിരേകും തരു നീയല്ലോ
യാചിക്കുന്നു ഞങ്ങളിതാ
കരുണാവർഷം തൂകണമേ
രക്ഷകനേ, ശരണം നീ മാത്രം”.

ഓനീസാ ദ്റംശാ,
ഉയിർപ്പുകാലം, ഞായർ

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal